നവീകരണം സന്ന്യാസജീവിതത്തിൽ



നവീകരണം സന്ന്യാസജീവിതത്തിൽ

(പോൾ മാപ്പ്പ്പായുടെ ശ്ലൈഹിക പ്രബോധനം)





ഫാ. സീലാസ്, സി. എം. ഐ.

This is a translation of the Apostolic Exhortation of His Holiness Pope Paul VI On the Renewal of Religious Life According to the Teaching of the Second Vatican Council

June 29, 1971

M/262.82 PAU

by Fr Sílas, C. M. I.

Nihil obstat :-

Fr Amatus, C. M. I.

Fr Gregory, C. M. I.

Imprimi potest :-

Fr Dorotheus, C. M. I., Provincial, Sacred Heart Province, Kalamassery

Imprimatur :-

BP SEBASTIAN MANKUZHIKARY, Archdiocese of Ernakulam

August 28, 1971

Printed at :-

Alwaye Press, Friendship House, Alwaye - 1.

ആശംസ

ക്രിസ്തും ശരണം ഗച്ഛാമി,
സംഘം ശരണം ഗച്ഛാമി,
ധമ്മം ശരണം ഗച്ഛാമി,

എന്ന ആദർശം പുലർത്തി, മിശിഹാസ്നേഹം അവിടുത്തെ സഭയ്ക്കും സേവനമനുഷ്ഠിക്കുവാൻ പോൾമാപ്പാപ്പായുടെ ഈ പ്രബോധനം കേരളസഭയുടെ അരുമസന്താനങ്ങളായ ആയിരമായിരം സന്യാസിനീസന്യാസികൾക്ക് ഉത്തേജനം പകരുമാറാകട്ടെ. നവീകൃതജീവിതമായിരിക്കും നമ്മുടെ നാട്ടിൽ സന്യാസപ്രസ്ഥാനത്തിനു നേതൃത്വം നൽകിയ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമശതാബ്ദിയുടെ ഏറ്റവും സമീചീനമായ സ്മാരകം.

† Joseph Cardinal Parecattil,
Archbishop of Ernakulam

Ernakulam,
8th Sept. 1971.

നവീകരണം സന്ന്യാസജീവിതത്തിൽ

ആമുഖം

സുവിശേഷസാക്ഷ്യം ദൈവജനത്തിനു്

1. സുവിശേഷസാക്ഷ്യം
2. കൗൺസിലിന്റെ നേതൃത്വം
3. സന്ന്യാസം സഭാചരിത്രത്തിൽ
4. തിരുസഭയുടെ സ്നേഹാദരങ്ങൾ
5. നവീകരണവും അനുരൂപണവും
6. പരിപാകത അവശ്യാവശ്യം

സന്ന്യാസജീവിതം

7. കൗൺസിലിന്റെ പഠനം

I സന്ന്യാസത്തിന്റെ വിവിധരൂപങ്ങൾ

8. ധ്യാനാത്മകജീവിതം
9. ദൈവവചനപ്രഘോഷണം
10. ധ്യാനാത്മകതയും പ്രേഷിതവൃത്തിയും
11. സ്ഥാപകപിതാക്കളുടെ വരദാനങ്ങൾ
12. ബാഹ്യരൂപങ്ങളും ആന്തരഭാവവും

II മൗലികമായ സമർപ്പണജീവിതം

A ബ്രഹ്മചര്യം

13. ബ്രഹ്മചര്യംവഴിയുള്ള ആത്മസമർപ്പണം
14. ആത്മീയപിതൃത്വത്തിന്റെ ഉറവിടം
15. ദൈവത്തിന്റെ പ്രത്യേകദാനം

B ദാരിദ്ര്യം

16. ദാരിദ്ര്യംവഴിയുള്ള ആത്മസമർപ്പണം
17. സാധുക്കളുടെ നിലവിളി
18. ദാരിദ്ര്യവും നീതിനിർവ്വഹണവും
19. ലൗകികവസ്തുക്കളുടെ ഉപയോഗം
20. ദാരിദ്ര്യവും അദ്ധ്വാനജീവിതവും
21. സഹോദരഭാഗഭാഗിത്വം
22. സുവിശേഷാനന്തര ദാരിദ്ര്യം

C അനുസരണം

23. അനുസരണംവഴിയുള്ള ആത്മസമർപ്പണം
24. സാഹോദര്യവും ത്യാഗവും

25. അധികാരവും അനുസരണവും
26. അനുസരണവും പ്രവർത്തനങ്ങളും
27. അനുസരണവും സ്വാതന്ത്ര്യവും
28. അനുസരണവും മന:സാക്ഷിയും
D കുരിശിന്റെ വഴിയിൽ
29. കുരിശ്-മഹത്തായ സ്നേഹത്തിന്റെ പ്രതീകം

III സന്യാസം പ്രയോഗത്തിൽ

30. സന്യാസികൾ നൽകേണ്ട സാക്ഷ്യം
31. മിശിഹായുടെ കാല്പാടിൽ
32. ആന്തരികമനുഷ്യന്റെ രൂപീകരണം
33. അനുകൂലസാഹചര്യങ്ങളുടെ സ്വാധീനം
34. ദൈവത്തിൽനിന്നുള്ള ശക്തിവിശേഷം
35. ലോകത്തിൽനിന്നുള്ള അകൽച്ച ആവശ്യം
36. ആന്തരികജീവിത പരിചയം
37. ജീവിതനിയമവും പ്രായോഗികജ്ഞാനവും
38. പുതിയ മനുഷ്യന്റെ രൂപവൽക്കരണം
39. സൗഹൃദം സമൂഹത്തിൽ
40. ചെറുസമൂഹങ്ങൾ
41. വലിയ സമൂഹങ്ങൾ

IV നവീകരണവും ആത്മീയാഭിവൃദ്ധിയും

42. പ്രാർത്ഥനയും ദൈവൈക്യവും
43. പ്രാർത്ഥനാജീവിതത്തിന്റെ ആവശ്യകത
44. പ്രാർത്ഥനാചൈതന്യവും സാഹോദര്യവും
45. ആന്തരികജീവിതം അവശ്യാവശ്യം
46. മൗനവും ഏകാന്തതയും
47. ലിറർജി സന്യാസത്തിൽ
48. കൂർബ്ബാന: സമൂഹത്തിന്റെ ജീവൻ
49. ലോകസേവനം
50. സഭാധ്മ്മത്തിലുള്ള പങ്കു്

ഉപസംഹാരം

51. സന്യാസജീവിത നവീകരണം
52. സുവിശേഷസാക്ഷ്യം ഇന്നത്തെ ലോകത്തിൽ
53. ക്രിസ്തുസ്നേഹത്തിന്റെ ജീവൽസാക്ഷികൾ
54. വിജ്ഞന്മാരല്ല, വിനീതർ
55. സന്തോഷത്തിന്റെ സംവാഹകർ
56. മറിയത്തിന്റെ മഹനീയ മാതൃക

നവീകരണം സന്യാസജീവിതത്തിൽ

(വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ)

ദൈവജനസമക്ഷം സന്യാസികൾ വഹിക്കേണ്ട സുവിശേഷസാക്ഷ്യം.

1. സുവിശേഷസാക്ഷ്യം

മിശിഹായിൽ പ്രിയപ്പെട്ട മക്കളെ,

ദൈവസ്നേഹത്തിന്റെ പ്രാഥമ്യം മനുഷ്യരുടെ മുമ്പാകെ സ്പഷ്ടമായി ഉയർത്തിക്കാണിക്കുക - സന്യാസജീവിതം വഴി സുവിശേഷത്തിനു സാക്ഷ്യംവഹിച്ചുകൊണ്ട് സാധിക്കേണ്ട ലക്ഷ്യമാണിതു്. പരിശുദ്ധാത്മാവിന്റെ ചൈതന്യവിശേഷത്തിന്റെ ഫലമായാണു് ഇതു സാധിക്കുക. സുവിശേഷോപദേശങ്ങളുടെ ചൈതന്യവും അഭ്യസനവും ഒരുമിച്ചു പുലർത്തിക്കൊണ്ടു് തങ്ങളുടെ ജീവിതം ദിവ്യനാഥനു് സമർപ്പിച്ചിരിക്കുകയാണു് സന്യാസിനീ സന്യാസികൾ. അവരുടെ ഉദാരോദാത്തമായ മാതൃക നമ്മിലും മറ്റു മെത്രാന്മാരിലും വിശ്വാസികളിലും ഉണർത്തുന്ന പ്രതീക്ഷകളെപ്പറ്റി തികഞ്ഞ ആത്മാർത്ഥതയോടും നിഷ്കപടതയോടുംകൂടെ നിങ്ങളുമായി ചർച്ചചെയ്യുവാൻ നാം ആഗ്രഹിക്കുന്നു. രണ്ടാംവത്തിക്കാൻ കൗൺസിലിനു തൊട്ടുമുമ്പു് 23-ാം ജോൺ മാർപ്പാപ്പാ നൽ

കിയ മാതൃകയാണു് (പ്രബോധനം: 2-7-62) ഇക്കാര്യത്തിൽ നാം അനുകരിക്കുക. കൗൺസിലിന്റെ സിദ്ധാന്തമനുസരിച്ചു് സന്യാസജീവിതത്തിലൂടെ മിശിഹായെ വിശ്വസ്തതാപൂർവ്വം അടുത്തനുകരിക്കുവാൻ ഈ പ്രബോധനം വഴി നിങ്ങളെ ഉത്തേജിപ്പിക്കുവാനും നാം ആഗ്രഹിക്കുകയാണു്.

2. കൗൺസിലിന്റെ നേതൃത്വം

ഈയിടെ ചില സന്യാസികളിലുണ്ടായിട്ടുള്ള ആശങ്കയ്ക്കും അസ്ഥിരതയ്ക്കും അസ്വസ്ഥതയ്ക്കും പരിഹാരം നിർദ്ദേശിക്കുവാൻ ഈ പ്രബോധനംവഴി കഴിയുമെന്നു നാം പ്രത്യാശിക്കുന്നു. അതേസമയം സന്യാസജീവിതത്തിന്റെ യഥാർത്ഥ നവീകരണം നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കുന്നവർക്കു് ഉത്തേജനം പകരണമെന്നും നമുക്കുദ്ദേശ്യമുണ്ടു്. സന്യാസത്തിന്റെ വിവിധ രൂപഭാവങ്ങൾ ആസകലം പഴഞ്ചനായിപ്പോയെന്ന ആശയത്തിന്റെ അടിസ്ഥാനകാരണങ്ങളെന്തെന്നോ? തത്വാധിഷ്ഠിതമല്ലാത്ത പരിവർത്തനങ്ങൾ വരുത്തുന്നതിലുള്ള ആവേശം, സഭയുടെ പാരമ്പര്യങ്ങൾ പ്രായോഗിക ജീവനത്തിലും ചൈതന്യവായ്പിലും എത്രമാത്രം അടിയുറച്ചതായിരുന്നാലും അതൊക്കെ ഫലശൂന്യമാണെന്ന മിഥ്യാധാരണ, ആധുനികലോകത്തെ അസ്വസ്ഥമാക്കിക്കൊണ്ടിരിക്കുന്ന വമ്പിച്ച പരിവർത്തനങ്ങളോടു് പെട്ടെന്നലിഞ്ഞു ചേരാനുള്ള വ്യഗ്രത, ഇങ്ങനെ പലതും. എന്തിനു്? സന്യാസജീവിതത്തിന്റെ അടിസ്ഥാനത്തെത്തന്നെ വർത്തിക്കാൻ കൗൺസിൽ ചോദ്യംചെയ്തതായി പിന്നീടു് ചില അഭിപ്രായങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ലേ? ഈ ആരോപണങ്ങളൊക്കെ ശക്തിപ്പെട്ടിട്ടും കൗൺസിലിന്റെ നിലപാടു് സ്പഷ്ടമായിതന്നെ തെ

ളിഞ്ഞുയർന്നു നില്ക്കുകയാണു്. സന്യാസമാകുന്ന "ദാനവിശേഷ"ത്തിനു് സഭാജീവിതത്തിൽ അതുല്യസ്ഥാനമാണുള്ളതെന്ന യാഥാർത്ഥ്യം കൗൺസിൽ പ്രഖ്യാപിച്ചു. "മിശിഹാനാഥനും അവിടുത്തെ കന്യകാമാതാവും തെരഞ്ഞെടുത്ത വിനീതവും ബ്രഹ്മചര്യാനിഷ്ഠവുമായ ജീവിതത്തോടു് സാധമ്മ്യം വഹിക്കുവാൻ തദനുയായികളെ സന്യാസം പ്രാപ്തരാക്കിത്തീർക്കുന്നു" (തിരുസ്സഭ: 46) എന്ന വസ്തുതയാണു് കൗൺസിലിന്റെ നിലപാടിനുള്ള നിദാനം. സുവിശേഷത്തിനനുഗുണമാംവിധം സന്യാസത്തിൽ നവീകരണം സാധിക്കാനുള്ള മാർഗ്ഗങ്ങളിലേയ്ക്കും കൗൺസിൽ വിരൽ ചൂണ്ടിയിട്ടുണ്ടെന്നും നാം സ്മരിക്കണം. (സന്യാസം : 2)

3. സന്യാസം സഭാചരിത്രത്തിൽ

തിരുസഭാചരിത്രത്തിൽ സന്യാസത്തിനുള്ള സ്ഥാനത്തെപ്പറ്റി ഇവിടെ പരാമർശിക്കേണ്ടതു് ആവശ്യമാണു്. നിരന്തരം ദൈവത്തെ തേടിക്കൊണ്ടും, മിശിഹായോടു മാത്രമുള്ള അവിഭക്തസ്നേഹം ആദർശമായി കൺമുമ്പാകെ വച്ചും, അവിടുത്തെ രാജ്യത്തിന്റെ വികസനത്തിനായി തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചു് സജീവസാക്ഷ്യം വഹിച്ചിട്ടുള്ളവരുടെ അനസ്യൂതമായ പട്ടികയാണു് ആരംഭം മുതൽതന്നെ സഭാചരിത്രത്തിൽ നമുക്കു കാണാൻ കഴിയുക. ഈ ദൗത്യം മാതൃകകളില്ലായിരുന്നെങ്കിൽ സഭയെ മുഴുവൻ ഉത്തേജിപ്പിക്കുന്ന ഉപവിയുടെ മാതൃക തന്നെത്തുറന്നു പോകുമായിരുന്നു; സുവിശേഷത്തിന്റെ രക്ഷാകരദൗത്യം നിസ്തേജമായി നിലകൊള്ളുകയും, മനുഷ്യർ ലൗകികതയുടെ അടിയൊഴുക്കിൽപെട്ടു് വിശ്വാസമാകുന്ന "ഉപ്പി"ന്റെ ആസ്വാദ്യതകളഞ്ഞുകുളിക്കുകയും ചെയ്യുമായിരുന്നു.

ആദ്യനൂറ്റാണ്ടുകൾമുതൽ രക്തസാക്ഷികളുടെ വീരോചിതമായ വിശ്വാസപ്രഖ്യാപനത്തിനു സമാന്തരമായിത്തന്നെ പരിശുദ്ധാത്മാവു് ക്രിസ്തുശിഷ്യരിലും കന്യകമാരിലും ഏകാന്തവാസികളിലും തപസ്വികളിലും വിസ്മയനീയമായ ആത്മചൈതന്യം തട്ടിയുണർത്തിയതായി നമുക്കു കാണാവുന്നതാണു്. ആരംഭംമുതൽതന്നെ സന്യാസം നാമ്പെടുത്തു് വളരുവരികയായിരുന്നു. പിന്നീടതു് തളിരിട്ടു് ഫലമണിഞ്ഞു് ഏകാന്തവാസം, സാമൂഹ്യസന്യാസം എന്നിവയുടെ വിവിധരൂപങ്ങൾ കൈക്കൊണ്ടു. ഇങ്ങനെയായിരുന്ന മിശിഹായുടെ സ്നേഹപൂവ്വമായ ക്ഷണം യുഗാന്തരങ്ങളിലൂടെ സന്യാസികൾ സ്വീകരിച്ചതു്. "ഇഹത്തിൽ ദൈവരാജ്യം മുൻനിറുത്തി സ്വഭവനം, ഭാര്യ, സഹോദരങ്ങൾ, മാതാപിതാക്കന്മാർ, മക്കൾ എന്നിവരെ ഉപേക്ഷിക്കുന്നവർ ഇഹത്തിൽ നൂരിരട്ടിയും ഭാവിലോകത്തിൽ നിത്യായുസ്സും പ്രാപിക്കും" (ലൂക്കാ. 18: 29-30).

മിശിഹായുടെ ഈ ദിവ്യാഹ്വാനത്തിനു് ഇന്നു വിലയിടിഞ്ഞു പോയിരിക്കയാണെന്നു പറയാൻ ആർക്കു ധൈര്യമുണ്ടാകും? ക്രിസ്തുസ്നേഹത്തിന്റെ സർവ്വാതിശായിയായ പ്രാമുഖ്യത്തിനു് സാക്ഷ്യം വഹിക്കുന്ന സന്യാസികളെക്കൂടാതെ എങ്ങനെ തിരുസഭയ്ക്കു് മുമ്പോട്ടു നീങ്ങുവാൻ കഴിയും? ഇത്തരം ദീപശിഖകളുടെ പ്രഭാപൂരമില്ലാതെ വന്നാൽ ലോകത്തിനു് തീരാനഷ്ടം അനുഭവപ്പെടില്ലെന്നോ? ഏതു തടസ്സത്തെയും സുധീരം തരണംചെയ്യാൻ പോരുന്ന സ്വാതന്ത്ര്യത്തോടുകൂടി ദൈവരാജ്യം പ്രഖ്യാപനംചെയ്യുന്ന വിശ്വദീപങ്ങളാണു് സന്യാസികൾ. തിരുസഭാമാതാവിന്റെ വത്സലസന്താനങ്ങളായ ആയിരക്കണക്കിനു് സന്യാസികൾ ഈ ആദർശം

തങ്ങളുടെ അനുദിന ജീവിതത്തിൽ ഇന്നും പകർത്തിക്കൊണ്ടു മുന്നേറുകയാണു്.

4 തിരുസഭയുടെ സ്നേഹാദരങ്ങൾ

പ്രിയപ്പെട്ട മക്കളെ, നിങ്ങൾ മിശിഹായെ കൂടുതൽ സ്വതന്ത്രമായും വിശ്വസ്തമായും പിഞ്ചെല്ലുന്നതിനുവേണ്ടി സുവിശേഷോപദേശങ്ങൾ ശിരസ്സാ വഹിക്കുവാൻ ആഗ്രഹിച്ചു പേക്ഷിച്ചിരിക്കുന്നവരാണു്. മാമ്മോദീസായിൽ വേരുന്നിയിരിക്കുന്ന സന്ന്യാസപ്രതിഷ്ഠ വഴി നിങ്ങൾ ജീവിതം മുഴുവൻ ദൈവത്തിനു് സ്വയം അർപ്പിച്ചിരിക്കയാണു്. മാമ്മോദീസായിലെ പ്രതിഷ്ഠയുടെ നിറവാണു് നിങ്ങളുടെ സമർപ്പിതജീവിതം. ഈശോമിശിഹായുടെ നാമത്തിൽ നിങ്ങളോടു് നമുക്കു തോന്നുന്ന സ്നേഹാദരങ്ങളുടെ തിരത്തള്ളൽ എന്മാത്രമെന്നു് നിങ്ങൾ ഗ്രഹിച്ചിരുന്നെങ്കിൽ! ഇതോടൊപ്പം എല്ലാ മെത്രാന്മാരുടേയും, പൗരോഹിത്യത്തിൽ അവരുടെ സഹപ്രവർത്തകരായ വൈദികരുടേയും സവിശേഷസേവനത്തിനു് നിങ്ങൾ ഏവരേയും നാം പ്രത്യേകം ശ്രദ്ധാർഹം ചെയ്യുന്നു. സന്ന്യാസികളോടുള്ള അവരുടെ കർത്തവ്യം എത്ര മഹത്തമമെന്നു് അവരെല്ലാവരും മനസ്സിലാക്കുന്നുമുണ്ടു്.

"ഭൗതികമണ്ഡലത്തിലെ ധർമ്മനുഷ്ഠാനങ്ങളും പ്രവർത്തനങ്ങളും— അതവരുടേതു മാത്രമല്ലെന്നിരുന്നാലും— പ്രത്യേകമായി അത്മായ സഹോദരങ്ങളുടേതാണു്." (സഭ ലോകത്തിൽ: 43). മാമ്മോദീസാവഴി മിശിഹായിൽ പിതാവിന്റെ മഹത്ത്വത്തിനായി വിശുദ്ധിയിലേയ്ക്കു് ക്ഷണിക്കപ്പെട്ടിരിക്കുന്നവരുമാണു് അത്മായർ. വിശുദ്ധി പ്രാപിക്കാനുള്ള ഈ പരിശ്രമത്തിൽ സന്ന്യാസികളായ നിങ്ങൾ അവർക്കെത്രമാ

ത്രം പ്രചോദനവും ഓജസ്സുമാണു് പകരുന്നതെന്ന കാര്യം അ ത്മായരുടെ ശ്രദ്ധയ്ക്കു നാം ഇവിടെ വിഷയീഭവിപ്പിക്കയാ ണു് (തിരുസ്സഭ: അദ്ധ്യാ. 5).

5. നവീകരണവും അനുരൂപണവും

വിവിധ സന്യാസസഭാസ്ഥാപകന്മാർ അവരുടെ കാലത്തു് രൂപാശ ചെയ്തിട്ടുള്ള പല ബാഹ്യഘടകങ്ങളും ഇ ന്നത്തെ സാഹചര്യത്തിൽ ഉപയോഗശൂന്യമായി കാണപ്പെ ടാം. അങ്ങനെ കാലപ്പഴക്കംകൊണ്ടു് തടസ്സമാകയോ നിയ മംമൂലം ശ്രദ്ധിലഭിക്കുകയോ ചെയ്തിട്ടുള്ള കാര്യങ്ങൾ കാലോ ചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. അനുരൂപണം ഇ ന്നു് ആവശ്യാവശ്യമത്രെ. പുതിയ രൂപങ്ങൾ തേടുന്നതി നും നടപ്പിൽ വരുത്തുന്നതിനും തിരുസഭയുടെ അംഗീകാര ത്തോടെ പാടുള്ളതാണു്. ഏതാനും വർഷങ്ങളായി ഒട്ടുവളരെ സന്യാസസഭകൾ ഈ ലക്ഷ്യം നടപ്പിൽ വരുത്തുന്നതിനു് ഉ ത്സാഹപൂർവ്വം ശ്രമിച്ചു വരുന്നു. അങ്ങനെ പുതിയതരം നിയ മങ്ങൾ നിർമ്മിച്ചു് പരീക്ഷിച്ചു വരികയാണിപ്പോൾ. ചില പ്പോൾ പ്രയോഗത്തിൽ ഇതിനു് അപകട സാദ്ധ്യതയുണ്ടാ കാം. ഇതു നാം മനസ്സിലാക്കുന്നു. കൗൺസിൽ ആഗ്രഹിച്ച ത രത്തിലുള്ള നവീകരണശ്രമങ്ങളെ നാം നിരീക്ഷിച്ചുകൊണ്ടി രിക്കുകയും ചെയ്യുന്നു. (സഭാനവീകരണത്തേയും സന്യാസപരി ശീലനത്തേയുംപറ്റിയുള്ള പ്രത്യേകഡിക്രികൾ: 6-7-66; 6-1-69)

6. പരിപാകത അവശ്യാവശ്യം

നവീകരണമെന്ന ചൈതന്യമുറ്റ പ്രക്രിയ വളരെ പ രിപാകതയും ഗുണാഗുണവിവേചനയും ആവശ്യപ്പെടുന്ന ഒന്ന

ത്തെ. പരിശുദ്ധാത്മാവിയുടെ പ്രവർത്തനത്തോടുകൂടി ലോകത്തിന്റെ അത്മാവിനും കൂടി കലരാനുള്ള നിരന്തരസാദ്ധ്യതയും അപകടവുമുള്ള ഇക്കാര്യത്തിൽ നമുക്കെങ്ങനെ നിങ്ങളെ സഹായിക്കാൻ കഴിയും? സന്ന്യാസത്തിന്റെ അവശ്യഘടകങ്ങൾ സംരക്ഷിക്കുവാനോ പൂർണ്ണതരമാക്കുവാനോ എങ്ങനെ സാധിക്കും? അതീതകാലത്തെ അനുഭവജ്ഞാനത്തിൽനിന്നും വർത്തമാനകാലത്തിന്റെ ചിന്താസരണിയിൽനിന്നും സുവിശേഷനിഷ്ഠമായ സന്ന്യാസത്തെ നമുക്കെങ്ങനെ ഉപരിചൈതന്യവത്താക്കാൻ കഴിയും? തന്റെ സഭയിൽ കർത്താവു നമ്മെ ഒരു പ്രത്യേക ഉത്തരവാദിത്വം ഭരമേല്പിച്ചിട്ടുണ്ടല്ലോ—നമ്മുടെ സഹോദരങ്ങളെ ഉറപ്പിക്കുക എന്നതാണത് (ലൂക്കാ. 22:32). ഇതനുസരിച്ച് നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ജീവിതപഥത്തിൽ കൂടുതൽ ഉറപ്പോടും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടെ മുന്നേറുവാൻ നാം നിങ്ങളെ സഹായിക്കേണ്ടിയിരിക്കുന്നു. "നിറഞ്ഞ ഉപവിയുടെ സംപ്രാപ്തി" (സന്ന്യാസം: 1) ക്കായുള്ള നിങ്ങളുടെ ശ്രമത്തിൽ - ഇതാണ് നിങ്ങളുടെ സന്ന്യാസത്തിന്റെ ലക്ഷ്യംതന്നെ - പരിശുദ്ധാത്മാവിനോടു നിങ്ങൾ പ്രദർശിപ്പിക്കുന്ന സമ്പൂർണ്ണവിധേയത്വമനോഭാവമാണ് ഏറ്റവും പ്രധാനം. തിരുസഭയിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ അത്മാവി ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങളെ ആഹ്വാനം ചെയ്യുന്നത് (ഗലാ. 5: 13; 2കോറ. 3:17).

7. കൗൺസിൽ പഠനം

പ്രിയ മക്കളെ, പരിശുദ്ധാത്മാവിന്റെ ആഹ്വാനം ഹൃദയപൂർവ്വം സ്വീകരിച്ച് നിങ്ങളെത്തന്നെ മിശിഹായ്ക്ക് സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് അവിടുത്തെ അനുകരിക്കുവാൻ നിങ്ങൾ ദൃഢപ്രതമെടുത്തിരിക്കുകയാണ്. സുവിശേഷോപദേശങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീവ്രതത്രയങ്ങൾ നിങ്ങളുടെ ജീവിതത്തിന്റെ അടിസ്ഥാനനിയമമായി തീർന്നിരിക്കുന്നു. "തിരുസഭാധികാരികൾ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സുവിശേഷോപദേശങ്ങളെ വ്യാഖ്യാനിക്കുകയും അവയുടെ നിർവ്വഹണത്തെ ശരിയായ വിധം നിയന്ത്രിക്കുകയും അവയ്ക്കനുസ്യൂതം സ്ഥായിയായി ജീവിതം നയിക്കുന്നതിനുള്ള രീതികൾക്ക് രൂപം കൊടുക്കുകയും ചെയ്യുന്നു" വെന്ന (തിരുസഭ: 43) വസ്തുത കൗൺസിൽ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ഇങ്ങനെയാണ് സുവിശേഷോപദേശങ്ങൾ അനുഷ്ഠിക്കുന്ന സന്യാസജീവിതത്തെ തിരുസഭ അംഗീകരിക്കുകയും സ്വീകാര്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നത്. "ക്രിസ്തീയവിശ്വാസികൾക്ക് വ്രതാപ്പണത്താലോ മറ്റൊരുപോലുള്ള വിശുദ്ധ സമർപ്പണങ്ങളാലോ സുവിശേഷോപദേശങ്ങൾക്കനുസ്യൂതമായി ജീവിക്കുവാൻ സ്വയം കടപ്പെട്ടതാവുന്നതത്രെ. ഇത്തരം കടമ ഏറ്റെടുക്കുമ്പോൾ ഒരുവൻ ഏറ്റവും വലിയ സ്നേഹത്താൽ പ്രേരിതനായി ദൈവത്തിന് സമ്പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെടുകയാണ് ചെയ്യുക..... മാമ്മോദീസാവഴി ഒരുവൻ പാപത്തിന് മൃതനാകുകയും ദൈവത്തി

ന സമപ്പിതനാകുകയും ചെയ്യുന്നു എന്നതു ശരിതന്നെ. എങ്കി
ലുംമാമ്മോദീസായാകുന്ന ദിവ്യദാനത്തിൽനിന്നു് സമൃദ്ധമായ
ഫലങ്ങൾ ഉളവാക്കുവാൻവേണ്ടി ഒരാൾ തിരുസഭയിൽ അനു
ഷ്ഠിക്കുന്ന വ്രതങ്ങൾ വഴി സ്നേഹത്തിന്റെ തീവ്രതയ്ക്കും ദൈ
വാരാധനയുടെ പൂർണ്ണിമയ്ക്കും വിരുദ്ധമാകാവുന്ന തടസ്സങ്ങളിൽ
നിന്നു് സ്വയം മോചിതനാവാൻ ആഗ്രഹിക്കുകയാണു്. അ
ങ്ങനെ ഒരുവൻ കൂടുതൽ അഗാധവും അനുയോജ്യവുമായ രീ
തിയിൽ ദൈവസേവനത്തിനു് നിയോഗിക്കപ്പെടുന്നു. മി
ശിഹായ്ക്കും അവിടുത്തെ മണവാട്ടിയായ സഭയ്ക്കും തമ്മിൽ അ
ഭേദ്യമായ ഒരു സ്നേഹബന്ധമുണ്ടല്ലോ. ആ സ്നേഹബന്ധത്തെ
സ്ഥിരവും ദൃഢവുമായ വ്രതാനുഷ്ഠാനം വഴി കൂടുതൽ പൂർണ്ണമാ
യി പ്രതിനിധാനം ചെയ്യുവാൻ സാധിക്കുന്നതനുസരിച്ചു് സ
ന്യാസത്തിൽ ചെയ്യുന്ന ആത്മപ്രതിഷ്ഠയും കൂടുതൽ പൂർണ്ണതയു
ള്ളതായിരിക്കും" (തിരുസഭ: 44). കൗൺസിലിന്റെ ഈ
പഠനം സന്യാസത്തിലെ ആത്മസമർപ്പണത്തെ സുവ്യ
ക്തമായി വിശദീകരിക്കുന്നുണ്ടു്. കർത്താവു് സഭയ്ക്കു സ്വ
യം നൽകിയതുപോലെ നിങ്ങളുടെ ആത്മസമർപ്പണവും
സ്വതന്ത്രമായി നിർവ്വഹിക്കപ്പെട്ട ഒന്നാണു്; കർത്താവിന്റെ
കാര്യത്തിലെന്നപോലെ നിങ്ങളുടെ പ്രതിഷ്ഠയും സമഗ്ര
വും നിത്യവുമായിരിക്കണം. സ്വർഗ്ഗരാജ്യത്തെ കൺമുമ്പിൽ
കണ്ടുകൊണ്ടാണു് സ്നേഹിക്കുന്നതിനുള്ള നിങ്ങളുടെ കഴി
വിനെയും, സമ്പാദിക്കുന്നതിനുള്ള മൗലികാവകാശത്തെ
യും, ജീവിതം യഥേഷ്ടം നയിക്കാനുള്ള സ്വാതന്ത്ര്യത്തെയും -
മനുഷ്യനു് ഏറ്റവും പ്രിയംകരങ്ങളായ വിശിഷ്ടമൂല്യങ്ങളാണി
വ - നിങ്ങൾ ഉദാരഹൃദയത്തോടും, അതിരു കല്പിക്കാതെയും
മിശിഹായ്ക്കു് അടിയറ വച്ചിരിക്കുന്നതു്. തിരുസഭയിലും,

സഭയുടെ ശുശ്രൂഷവഴിയായും ആണ് ഈ ആത്മപ്രതിഷ്ഠ നടന്നിരിക്കുന്നത്. തിരുസഭാധികാരികൾ നിങ്ങളുടെ വ്രതാപ്പണം സ്വീകരിച്ചു. ദൈവത്തിനു് സ്വയം ബലിയായി സമർപ്പിച്ച സന്യാസികളെ ക്രിസ്തീയസമൂഹം സ്നേഹാദരങ്ങളോടെ വീക്ഷിക്കുകയും ബഹുമാനപുരസ്സരം മിശിഹായുടെ സ്നേഹത്തിൽ അവരെ കൈക്കൊള്ളുകയും ചെയ്തു. "തിരുസഭാംഗങ്ങൾക്കു് അവരുടെ ക്രിസ്തീയദൈവവിളിയുടെ കടമകൾ ഉപരി സന്നദ്ധതയോടും പൂർണ്ണതയോടുംകൂടി നിർവ്വഹിക്കുന്നതിനു് സന്യാസികൾക്കു് തങ്ങളുടെ ജീവിതമാതൃകവഴി ശക്തമായ പ്രേരണ നൽകുവാൻ കടമയുണ്ടു്. ഇഹത്തിൽവച്ചുതന്നെ സമ്പൂർണ്ണവിശ്വാസികൾക്കും സംലബ്ധമായിരിക്കുന്ന ദിവ്യദാനങ്ങളെ സന്യാസികളുടെ ജീവിതം വ്യക്തമായും നേരിട്ടും പ്രതിനിധാനം ചെയ്യുന്നു എന്ന വസ്തുതയാണു് ഇതിനുനിദാനം" (തിരുസഭ: 44).

I സന്യാസത്തിന്റെ വിവിധരൂപങ്ങൾ

8. ധ്യാനാത്മക (Contemplative) ജീവിതം

നിങ്ങളിൽ ചിലർ ധ്യാനാത്മകജീവിതം നയിക്കാൻ ദൈവത്തിൽ നിന്നു് ആഹ്വാനം സിദ്ധിച്ചിട്ടുള്ളവരാണു്. അജയ്യവും ദിവ്യവുമായ ഒരു കാന്തശക്തി നിങ്ങളെ കർത്താവിന്റെ പക്കലേക്കു് ആകർഷിച്ചിരിക്കുന്നു. സ്നേഹസ്വരൂപനായ ദൈവത്തിന്റെ കരവലയത്തിൽ അമർന്നിരിക്കുന്ന നിങ്ങൾ അവിടുത്തെ ദിവ്യമായ പ്രവർത്തനത്തോടു് വിധേയത്വം പ്രദർശിപ്പിച്ചുമിരിക്കുന്നു. ഈ വരപ്രസാ

ദ പ്രവർത്തനം നിങ്ങളെ കർത്താവിന്റെ പക്കലേയ്ക്കാകർഷിക്കുകയും തന്നിൽ ലയിപ്പിക്കയും ചെയ്യുന്നു. നമ്മുടെ എല്ലാ വരുടേയും ജീവിതലക്ഷ്യമായ സനാതനധ്യാനാത്മകതയിലേക്ക് നിങ്ങൾ അങ്ങനെ നടന്നടുക്കുകയാണ്. എങ്ങിനെയാണ് നിങ്ങൾക്കു ഈ മാർഗ്ഗത്തിലൂടെ തപരിതമായി പുരോഗമിക്കുവാനും നിങ്ങളിൽ പ്രവർത്തിക്കുന്ന ദിവ്യപ്രസാദത്തോടു് ഉപരി വിശ്വസ്ഥത പുലർത്തുവാനും സാധിക്കുക? ഇതിനു് നിങ്ങൾ സർവ്വശക്തിയോടുംകൂടി ശ്രമിക്കണം. സ്നേഹത്തിന്റെ അജയ്യമായ ശക്തിപ്രഭാവം സഹായത്തമാക്കിക്കൊണ്ടുവേണം അനുസ്യൂതം ദൈവത്തിങ്കലേയ്ക്കു് അടുപ്പിക്കുന്ന നിങ്ങളുടെ ദൈവവിളി ധന്യമാക്കുവാൻ. ഇതര സഹോദരങ്ങളോടുള്ളബന്ധം, പ്രതിഫലത്തിനുവേണ്ടിയോ സൗജന്യമായോ നിങ്ങൾ അനുഷ്ഠിക്കേണ്ടിവരുന്ന ജോലികൾ, ആവശ്യമായ വിശ്രമം – തുടങ്ങിയ മറ്റു കടമകളെല്ലാം കർത്താവിനോടുള്ള നിങ്ങളുടെ അവഗാഢമായ ഐക്യത്തെ വിളിച്ചറിയിക്കുന്നവിധംവേണം നിർവ്വഹിക്കുവാൻ. അതിന്റെ ഫലമായി ദൈവവുമായി പ്രാർത്ഥനയിൽ സംയോജിക്കുവാൻ സഹായിക്കുന്ന ഹൃദയനൈർമ്മല്യവും ഉദ്ദേശശുദ്ധിയും നിങ്ങൾക്കു ലഭിക്കുവാൻ ഇടവരണം. ഈ വിധത്തിലാണ് നിങ്ങളുടെ ജീവിതസാക്ഷ്യംവഴി ദൈവരാജ്യത്തിന്റെ വളർച്ചക്കു് നിങ്ങൾ സംഭാവന ചെയ്യേണ്ടതു്. ഇതിലാണ് "നിങ്ങളുടെ ജീവിതത്തിന്റെ പ്രേഷിതമൂല്യവും ഫലദായകതപവും ഒളിഞ്ഞിരിക്കുന്നതു്." (സന്യാസം : 7)

9. ദൈവവചനപ്രഘോഷണം

ദൈവവചനപ്രഖ്യാപനമാണ് പ്രേഷിതത്തപത്തിന്റെ അന്തഃസത്ത. ഇതിനുവേണ്ടിയാണ് ചില സ

ന്യാസികൾ പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. തങ്ങളുടെ ശുശ്രൂഷ ലഭിക്കുന്നവരെയെല്ലാം സജീവവിശ്വാസത്തിലേക്കാനയിക്കുക എന്നതാണു് അവരുടെ സുപ്രധാന ധർമ്മം. ഈ ധർമ്മനിർവ്വഹണത്തിനു് കർത്താവിനോടുള്ള അവഗാഢമായ ഐക്യം അത്യന്താപേക്ഷിതമാണു്. ഇങ്ങനെ മാത്രമെ ലോകത്തിനു് ബോദ്ധ്യം വരത്തക്കവിധം അവതാരം ചെയ്ത ദൈവപുത്രന്റെ സന്ദേശം പകർന്നുകൊടുക്കുവാൻ നിങ്ങൾക്കു കഴിയുകയുള്ളൂ. നിങ്ങളുടെ ജീവിതത്തിന്റെ എല്ലാതലങ്ങളിലും മിശിഹായുടെ സഹനത്തിലും മരണത്തിലും മഹത്വത്തിലും പങ്കുചേരേണ്ടതു് ഈ ദൗത്യനിർവ്വഹണത്തിനു് അവശ്യാവശ്യമാണെന്നു് ഇതിൽ നിന്നു് മനസ്സിലാക്കുകയും ചെയ്യണം (പീലി. 3: 10-11).

10. ധ്യാനാത്മകത (Contemplation) യും പ്രേഷിതവൃത്തിയും

സഹോദരസേവനം മുൻനിർത്തിയുള്ള മറ്റുരംഗങ്ങളിലാണു് ഇനിയും നിരവധി സന്യാസികൾക്കു് പ്രവർത്തിക്കാനുള്ളതു്. അജപാലനം, മാനസാന്തരവേല, അദ്ധ്യാപനം, ജീവകാരുണ്യപ്രവർത്തനം തുടങ്ങിയവയാണു് ഇവരുടെ പ്രവർത്തനമണ്ഡലങ്ങൾ. കർത്താവിനോടുള്ള ഐക്യത്തിന്റെ തീവ്രതയാണു് നിങ്ങളുടെ പ്രവർത്തനങ്ങളെ ഫലമണിയിക്കുന്നതു്. അദ്ദേഹവും "രഹസ്യമായ" (മത്തായി.6 :6) ഈ ഐക്യത്തിനു് അനുപാതമായിരിക്കും നിങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങളുടെ വിജയം. ഇവിടെയും കൗൺസിലിന്റെ സിദ്ധാന്തത്തോടു വിശ്വസ്തത പുലർത്തേണ്ടിയിരിക്കുന്നു. "സന്യാസികൾ എല്ലാറ്റിനും ഉപരിയായി ദൈവ

ത്തെ തേടിക്കൊണ്ട് ധ്യാനാത്മകതയും (contemplation) പ്രേഷിതചൈതന്യവും (Apostolic love) സംയോജിപ്പിക്കണം. ധ്യാനാത്മകത ഹൃദയത്തിലും മനസ്സിലും ദൈവത്തോടു ചേർന്നു ജീവിക്കുവാൻ അവരെ കഴിവുറ്റവരാക്കുന്നു. പ്രേഷിതചൈതന്യം രക്ഷാകർമ്മത്തിൽ പങ്കുചേരാനും ദൈവരാജ്യം വിസ്തൃതമാക്കാനും അവരെ സഹായിക്കുന്നു" (സന്യാസം: 5).

11. സഭാസ്ഥാപകർക്കു ലഭിച്ച വരദാനങ്ങൾ

മേൽ വിവരിച്ച വിധം മാത്രമെ മനുഷ്യഹൃദയങ്ങളെ സത്യത്തിലേയ്ക്കും ദിവ്യസ്നേഹത്തിലേയ്ക്കും നയിക്കുവാൻ നിങ്ങൾക്കു സാധിക്കുകയുള്ളൂ. ഈ പ്രവർത്തനം ദൈവത്താൽ നിയുക്തരായ നിങ്ങളുടെ സ്ഥാപകപിതാക്കളുടെ വരദാനങ്ങൾക്കനുസൃതമായിരിക്കുകയും വേണം. അതുകൊണ്ടാണ് സന്യാസികൾ തങ്ങളുടെ സ്ഥാപകരുടെ അരൂപിയോടും അവരുടെ അപ്പസ്തോലികലക്ഷ്യങ്ങളോടും വിശുദ്ധ മാതൃകയോടും വിശ്വസ്തത പുലർത്തണമെന്ന് കൗൺസിൽ നിഷ്കർഷിക്കുന്നത്. കൗൺസിൽ വീക്ഷണത്തിൽ ഓരോ സന്യാസസഭയുടേയും നവീകരണത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഒന്ന് ഇതാണല്ലോ. ഓരോ സഭയും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച ഭദ്രമായ മാനദണ്ഡവും സഭാസ്ഥാപകരുടെ പ്രത്യേകചൈതന്യംതന്നെയാണ്. (തിരുസ്സഭ: 45; സന്യാസം: 2b) വാസ്തവത്തിൽ സന്യാസജീവിതമാകുന്ന വിശിഷ്ടദാനം മാംസരക്തങ്ങളുടെ അഭിലാഷങ്ങളിൽനിന്നും (യോഹ. 1:13) ആധുനികലോകത്തോട് സംയോജിച്ചുകൊള്ളാമെന്ന വ്യാമോഹങ്ങളിൽ നിന്നുമല്ല മുളയെടുക്കുന്നത് (റോമാ. 12:2); പ്രത്യുത തിരു

സഭയിൽ നിരന്തരം പ്രവത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലമാണിതു്.

12. ഭിന്നമായ ബാഹ്യരൂപങ്ങളും ഏകമായ ആന്തരിക ഭാവവും

ഇവിടെയാണു് ഓരോ സന്യാസസഭയുടേയും ചൈതന്യവിശേഷത്തിന്റെ ഉറവിടം. സ്ഥലകാലപരിതഃസ്ഥിതികൾക്കനുസ്യൂതമായി ദൈവത്തിന്റെ ആഹ്വാനം പുത്തൻ രീതികളും വ്യത്യസ്തഭാവങ്ങളും സ്വീകരിച്ചാലും ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം അതിനൊരിക്കലും മാറ്റം വരില്ല. പ്രസ്തുതാഹ്വാനത്തിനു് മനുഷ്യഹൃദയം നൽകുന്ന ആന്തരികമായ പ്രതിസ്പന്ദനം വ്യക്തിത്വത്തിന്റെ അഗാധതലങ്ങളിൽ മൗലികമായ ചിലഭാവങ്ങളെ തട്ടിയുണർത്തും. ഈ ഭാവങ്ങൾ അനുശാസിക്കുന്ന വിശ്വസ്തതയാണു് സന്യാസജീവിതത്തിന്റെ സത്തയുടെ ഉരകല്ലു്. കേവലം മാനുഷികമായ ക്രമീകരണങ്ങൾ കാലക്രമേണ മുരടിച്ചുപോകുന്നതിനും ബാഹ്യമാത്രമായ ചട്ടക്കൂട്ടിൽ ഒതുങ്ങിനിൽക്കുന്നതിനും പാടുള്ളതിനാൽ ആന്തരികചൈതന്യവും ആദർശനിഷ്ഠയുംകൊണ്ടു് ബാഹ്യരൂപങ്ങളെ ജീവനുള്ളതാക്കാൻ നാം ശ്രമിച്ചുകൊണ്ടേയിരിക്കണം. ഈ ചൈതന്യവിശേഷത്തിന്റെ അഭാവത്തിൽ ബാഹ്യരൂപങ്ങൾ വേഗത്തിൽ ദുർവ്വഹമായിത്തീരുമെന്നുള്ളതും തീർച്ചയത്രെ.

ഓരോ സഭയുടേയും വ്യക്തിത്വം സന്യാസജീവിതത്തിലെ വിവിധഘടകങ്ങളുടെ വ്യത്യസ്തമായ ക്രമീകരണത്തിൽനിന്നാണു് രൂപംകൊള്ളുക. അവയൊക്കെ മിശി

ഹായുടെ ദിവ്യപ്രസാദത്തിന്റെ നിറവിലാണ് വേരുന്നിയിരിക്കുന്നത് (1കോറ. 12: 12-30). എന്നാൽ ഈ വൈവിദ്ധ്യത്തിൽപോലും സന്യാസജീവിതത്തിന്റെ പ്രധാനനിയമവും മൗലിക ആദർശവും സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഇക്കാര്യത്തിലുള്ള നിഷ്ഠയും ആദർശവുമല്ലേ നൂറ്റാണ്ടുകളായി ബ്രഹ്മചര്യവും ദാരിദ്ര്യവും അനുസരണവും ജീവിതവ്രതമായി സ്വീകരിക്കുവാൻ തിരുസഭാംഗങ്ങളെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നത്?

II മൗലികമായ സമർപ്പണജീവിതം

13. ബ്രഹ്മചര്യംവഴിയുള്ള ആത്മസമർപ്പണം

ദൈവസ്നേഹത്തിനു മാത്രമെ ശരിയായ രീതിയിൽ സന്യാസബ്രഹ്മചര്യം വരിക്കുന്നതിനു് ഒരുവനെ പ്രേരിപ്പിക്കാൻ കഴിയുകയുള്ളുവെന്ന സത്യം ഇവിടെ ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ഈ സ്നേഹംതന്നെയാണു് ഏറ്റവും ദൃഢമായ രീതിയിൽ സ്നേഹോദരസ്നേഹം അഭ്യസിക്കുവാനും ഒരു സന്യാസിയെ നിർബന്ധിക്കുന്നത്. സന്യാസികൾക്കു് ഇതുവഴി മിശിഹായുടെ ദിവ്യഹൃദയത്തിൽ തന്റെ സഹോദരങ്ങളോടു് കൂടുതൽ താദാത്മ്യം പ്രാപിച്ചുകൊണ്ടു് ജീവിക്കുവാൻ കഴിയുന്നു. ഈ രീതിയിൽ ദൈവത്തിനു ചെയ്യുന്ന ആത്മപ്രതിഷ്ഠമാത്രമെ അഗാധമായ ആത്മനിർവൃതിയുടെ ഉറവിടമായിത്തീരുകയുള്ളു. ദാമ്പത്യസ്നേഹം മിശിഹായെ സഭയോടു് സംയോജിപ്പിക്കുന്ന ഉദാത്തമായ സ്നേഹത്തിന്റെ പ്രതീകവും ഭാഗഭാഗിത്വവുമാണെന്ന യാഥാർത്ഥ്യം മറക്കുകയോ നിഷേധിക്കുകയോ ചെയ്യാതെതന്നെ (സഭ ലോകത്തിൽ: 48. എഫേ. 5: 25-32) ബ്രഹ്മചര്യത്തെപ്പറ്റി ഇങ്ങനെ പറ

യുവാൻ സാധിക്കും: അതു് മിശിഹായ്ക്കും സഭയ്ക്കും തമ്മിലുള്ള സ്നേഹൈക്യത്തിൽ ഒരുവനെ നേരിട്ടു് പങ്കാളിയാക്കുകയും മറെറല്ലാ മാനുഷിക സ്നേഹങ്ങളുടേയും ലക്ഷ്യമായിരിക്കേണ്ട ദൈവസ്നേഹപാരമ്യത്തിലേക്കു് നയിക്കുകയും ചെയ്യുന്നു. ഭോഗാസക്തി എവിടെയും പ്രബലപ്പെട്ടവരുന്ന ഈ കാലഘട്ടത്തിൽ ബ്രഹ്മചര്യത്തെ കൂടുതൽ വിലമതിക്കുകയും അതിൻെറ പരിശുദ്ധി അഭംഗം പരിപാലിക്കുകയും ഹൃദയവിശാലതയോടെ അനുഷ്ഠിക്കുകയും ചെയ്യണം. ബ്രഹ്മചര്യം വെറും നിഷേധാത്മകമായ ഒരു സുകൃതമല്ല. പ്രത്യുത മിശിഹായോടു് പ്രദർശിപ്പിക്കേണ്ട അതിരററ സ്നേഹത്തിനു് സാക്ഷ്യം വഹിക്കുകയും മൗതിക ശരീരത്തിനു് അതിൻെറ ശിരസ്സിനോടുള്ള ഐക്യത്തെ ഏററം ശ്രേഷ്ഠമായ രീതിയിൽ പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഒന്നാണു്. ആത്മീയമണവാളനും മണവാട്ടിയുമായുള്ള ബന്ധത്തെ അതെപ്പോഴും അനുസ്മരിപ്പിക്കുകയും മനുഷ്യവ്യക്തിത്വത്തിൻെറ അന്തർധാരകളിലേക്കിറങ്ങിച്ചെന്നു് സമൂലമായ പരിവർത്തനം വരുത്തി മിശിഹായോടു് സാധർമ്യമുള്ളതാക്കുകയും ചെയ്യുന്നു.

14. ആത്മീയമാതൃപിതൃത്വത്തിൻേറയും ഉറവിടം

പ്രിയ മക്കളെ, ബ്രഹ്മചര്യത്തെ അതിൻെറ ആദ്ധ്യാത്മിക ധന്യതയിലേയ്ക്കു് ഉയർത്തേണ്ടതും അതിൽ അധിഷ്ഠിതമായ ജീവിതത്തെ ഫലമണിയിക്കേണ്ടതും സന്യാസികളായ നിങ്ങളുടെ പ്രത്യേക ധർമ്മമാണു്. ദൈവരാജ്യത്തെ മുൻനിർത്തി ബ്രഹ്മചര്യം പാലിക്കുമ്പോൾ അതു മനുഷ്യഹൃദയത്തെ സ്വതന്ത്രമാക്കുകയും "ഉപവിയുടെ പ്രതീകവും പ്രേരകവുമായി മനുഷ്യരിൽ ആത്മീയജീവൻ ഉളവാക്കാനുള്ള പ്രത്യേക നീർച്ചാലുകളായി പകരുകയും ചെയ്യുന്നു". (തിരുസഭ: 42) ലോകം ബ്രഹ്മചര്യത്തെ ശരിയാംവിധം ആദരിച്ചംഗീകരി

ക്കുന്നില്ലെങ്കിലും അതു് ലോകത്തിൽ ഊജ്ജസ്വലതയോടെ ഫലവത്തായി എപ്പോഴും പ്രവർത്തിക്കുന്നുണ്ടായിരിക്കും.

15. ദൈവത്തിന്റെ പ്രത്യേക ദാനം

ദൈവസ്നേഹത്തെ ലക്ഷ്യം വച്ചുകൊണ്ടാണല്ലോ സന്യാസത്തിൽ ബ്രഹ്മചര്യം അനുഷ്ഠിക്കപ്പെടുന്നതു്. ദൈവവചനം, മിശിഹായുടെ പഠനം, പരി. കന്യകാമറിയത്തിന്റെ ജീവിതമാതൃക, ശ്ലൈഹിക പാരമ്പര്യം എന്നിവയിലാണു് ബ്രഹ്മചര്യത്തിന്റെ മൗലികമൂല്യങ്ങളും ഫലങ്ങളും അധിഷ്ഠിതമായിരിക്കുന്നതു്. പിതാവായ ദൈവം നല്കുന്ന ദാനവിശേഷമാണു് ബ്രഹ്മചര്യമെന്നും നാം ഓർക്കണം. മാനുഷിക ബലഹീനത പരിഗണിക്കുമ്പോൾ ഈ ദിവ്യദാനം അതിമാത്രം മൃദുലതയോടെ പാലിക്കേണ്ടതാണു്. വെറും മാനുഷിക പരിഗണനയ്ക്കു മുമ്പിൽ അതു് നിഷ്പ്രഭമോ അർത്ഥശൂന്യമോ ആയി കാണപ്പെട്ടേക്കാം. അവതരിച്ച ദൈവവചനത്തിന്റെ പ്രകാശം ലഭിച്ചിട്ടില്ലാത്തവർക്കു് ഇതു് ദുർഗ്രഹമായും പ്രത്യക്ഷപ്പെട്ടെന്നുവരും. സ്വന്തം ജീവനെ തൃജിക്കുന്നവനേ അതിനെ കണ്ടെത്തുകയുള്ളൂ (മത്തായി. 10: 39; 16: 25; മർക്കോ. 8: 35; ലൂക്കാ. 9: 24; യോഹ. 12: 25). എന്ന വിശ്വാസത്തിലേ ബ്രഹ്മചര്യം അതിന്റെ പ്രകാശധോരണി സമ്മുക്കായി വീശുകയുമുള്ളൂ.

16. ദാരിദ്ര്യംവഴിയുള്ള ആത്മസമർപ്പണം

മിശിഹാനുകരണത്തിന്റെ ഒരവശ്യഘടകമാണു് ബ്രഹ്മചര്യം എന്നു നാം കണ്ടുകഴിഞ്ഞു. മിശിഹായുടെ മാതൃകയനുസരിച്ചു് അനുദിനജീവിതത്തിനാവശ്യമായ ഭൗതികവ

സൂക്കളുടെ ഉപയോഗത്തിലും ദാരിദ്ര്യം പുലത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടു്. ഇക്കാര്യത്തിൽ ഇന്നത്തെ ജനങ്ങൾ സന്യാസികളുടെ ജീവിതരീതിയെ സംബന്ധിച്ചു് അതിമാത്രം നിഷ്കൃഷ്ടയും കാണിക്കുന്നുണ്ടു്. ജീവകാരുണ്യപ്രവത്തനങ്ങൾ, സാധുജനസഹായം, സാമൂഹ്യനീതി മുതലായ മണ്ഡലങ്ങളിൽ സന്യാസികൾക്കു പ്രവത്തിക്കാനുണ്ടെന്നതു് ശരിതന്നെ. എന്നാൽ ഈദൃശസേവനത്തിൽ വ്യാപൃതരായിരിക്കുമ്പോഴും സുവിശേഷത്തിന്റെ അനുശാസനങ്ങൾക്കൊത്തവിധം ഏപ്പോഴും ലളിതവും ദരിദ്രവുമായ ജീവിതം നയിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

17. സാധുക്കളുടെ നിലവിളി

എന്നത്തേയുംകാൾ "പാവങ്ങളുടെ നിലവിളി" (സങ്കീ. 9: 13; ജോബ്. 34: 28; ഉപമ. 21: 13) വ്യക്തിപരമായ സഹനത്തിന്റെയോ, സമൂഹങ്ങളുടെ കഷ്ടപ്പാടുകളുടെയോ ഫലമായി പൂവ്വാധികം മുഴങ്ങിക്കേൾക്കുന്നുണ്ടെന്നു് നിങ്ങൾക്കറിയാമല്ലോ. ദൈവത്തിനു പ്രിയംകരരെന്ന നിലയിൽ എളിയവരുടെ പ്രാത്ഥനയുടെ ഫലമായിട്ടായിരുന്നല്ലോ മിശിഹാ ലോകത്തിൽ വന്നതും (ലൂക്കാ. 4: 18; 6: 20) അവരിലൊരുവനെപ്പോലെ അവരോടൊത്തു് ജീവിച്ചതും (മത്താ. 25: 35-40) സവ്വസ്പർശിയായ വികസനത്തിന്റെയും പുരോഗതിയുടെയും ഫലങ്ങൾ അനുഭവിക്കുകയാണു് ആധുനികലോകം ഇന്നു്. എന്നിട്ടും ദാരിദ്ര്യത്തിൽ ഉഴലുന്ന വ്യക്തികളും സമൂഹങ്ങളും ഉണ്ടെന്നുള്ളതു് യാഥാത്ഥ്യം മാത്രമാണു്. "മനുഷ്യമനസ്സിന്റെയും മനോഭാവങ്ങളുടെയും പരിവത്തനം" (സഭ ലോകത്തിൽ: 63) ആവശ്യപ്പെടുന്ന ഒരു വെല്ലുവിളിയാണു് ഈ യാഥാത്ഥ്യം. സ്വയം വെറുമയാക്കി ജീവിച്ച മിശിഹായെ (മത്താ. 19: 21; 2കോറ. 8: 9) അടുത്തനു

ഗമിക്കുന്നവരായ സന്യാസികളെ സംബന്ധിച്ച് ഇതു കൂടുതൽ അനുചിതമാണ്. പാവങ്ങളുടെ വിളി നിങ്ങളുടെ ഹൃദയങ്ങളിൽ വല്ലാത്ത അസ്വസ്ഥത ഉളവാക്കുന്നുണ്ടെന്നു് നാം കാണുന്നു. തൽഫലമായി നിങ്ങളിൽ ചിലർ ചിലപ്പോഴെല്ലാം ബലപ്രയോഗമാവശ്യപ്പെടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻപോലും പ്രലോഭിപ്പിക്കപ്പെടുന്നുണ്ടാകാം. എന്നാൽ മിശിഹായുടെ ശിഷ്യന്മാർക്കു് അവിടുത്തേതിൽനിന്നു് ഭിന്നമായ മാർഗ്ഗങ്ങൾ സ്വീകാര്യമാണോ? ഈ പ്രശ്നം രാഷ്ട്രീയമോ ഭൗതികമോ ആയ രീതിയിൽ പരിഹരിക്കേണ്ട ഒന്നല്ലെന്നു് നിങ്ങൾക്കറിയാം. അതു് ആത്മാർത്ഥവും ആഴവുമായ ഹൃദയപരിവർത്തനം ആവശ്യപ്പെടുന്നു. ഭൗതിക വ്യഗ്രതകളിൽനിന്നുള്ള മോചനവും ഇതിനാവശ്യമത്രെ. സർവ്വോപരി സ്നേഹിക്കുന്നതിനുള്ള ഒരാഹ്വാനമായി ഇതിനെ വീക്ഷിക്കണം.

18. ദാരിദ്ര്യവും നീതിനിർവ്വഹണവും

സാധുക്കളുടെ നിലവിളി നിങ്ങളുടെ ജീവിതത്തിൽ എന്തു പ്രതികരണമാണുളവാക്കേണ്ടതു്? ഏതു രൂപത്തിൽ സാമൂഹ്യമായ അനീതി പ്രത്യക്ഷപ്പെട്ടാലും അതിനോടു് യാതൊരുവക ഒത്തുതീർപ്പും നിങ്ങൾക്കുണ്ടായിക്കൂടായെന്നതാണു് പ്രസ്തുത നിലവിളി ആദ്യമായി നിങ്ങളിൽനിന്നാവശ്യപ്പെടുന്നതു്. സുവിശേഷവും തിരുസഭയും സാമൂഹ്യനീതി സംബന്ധിച്ചു് നൽകുന്ന പ്രബോധനാനുസരണം മനുഷ്യരുടെ മനസ്സാക്ഷിയെ ഉണർത്തുവാനും അതു നിങ്ങളെ കടപ്പെടുത്തുന്നു. നിങ്ങളിൽ ചിലർ പാവങ്ങളുടെ ജീവിത സാഹചര്യങ്ങളിലും കഷ്ടപ്പാടുകളിലും നേരിട്ടു് പങ്കെടുക്കുവാൻ വേണ്ടി അവരോടൊത്തു ജീവിക്കാനും പ്രേരിതരായിത്തീരണം. പല സന്യാസസഭകളും സാധുക്കളുടെ ക്ഷേമത്തിനു

വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഇനിയും വ്യാപൃതരാകണം. ചില സഭകൾ ഉദാരമായി ഇക്കാര്യത്തിൽ മുന്നോട്ടുവന്ന കഴിഞ്ഞെന്ന കാര്യം ഇവിടെ അനുസ്മരിക്കുന്നു. അവസാനമായി ഉപയോഗവസ്തുക്കളുടെ വിനിയോഗം നിങ്ങളുടെ കർത്തവ്യനിർവ്വഹണത്തിനനുസൃതം പരിമിതപ്പെടുത്തുവാനും സാധുക്കളുടെ നിലവിളി നിങ്ങളെ നിർബന്ധിക്കുന്നു. അനുദിന ജീവിതത്തിൽ ബാഹ്യമായിപ്പോലും യഥാർത്ഥ ദാരിദ്ര്യം തെളിഞ്ഞു പ്രകാശിക്കേണ്ടതു് ആവശ്യമാണു്.

19. ലൗകികവസ്തുക്കളുടെ ഉപയോഗം.

ലോകം ഭൗതികമായി ഉത്തരോത്തരം പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഈ കാലയളവിൽ ഒരു സന്യാസിയുടെ സാക്ഷ്യം എങ്ങനെയുള്ളതായിരിക്കണം? സ്വന്തം സുഖസൗകര്യാദികളും ആനുകൂല്യങ്ങളും വിവേചനമോ നിയന്ത്രണമോ കൂടാതെ അനുഭവിക്കാൻ ഒരു സന്യാസിക്കു് പാടുണ്ടോ? സമ്പൽസമൃദ്ധിയും വിജ്ഞാനവും അധികാരവും വാഗ്ദാനംചെയ്യുന്ന സുരക്ഷിതത്വം അനേകരെ പ്രലോഭിപ്പിക്കുന്ന ഇക്കാലത്തു് സന്യാസത്തിലേയ്ക്കുള്ള ദൈവത്തിന്റെ ആഹ്വാനം ക്രിസ്തീയ മനഃസാക്ഷിയുടെ അതുച്ചിയിൽത്തന്നെ നിങ്ങളെ കൊണ്ടെത്തിച്ചിരിക്കുകയാണു്. യഥാർത്ഥമായ പുരോഗതിയും സുരക്ഷിതത്വവും അടങ്ങിയിരിക്കുന്നതു്, "സർവ്വമനുഷ്യരുടെയും പിതാവായ ദൈവത്തിന്റെ ജീവനിൽ മക്കളെന്ന നിലയിൽ പങ്കെടുക്കുന്നതിലാണു്." (പോൾ ആറാമൻ, ജനതകളുടെ ക്ഷേമം: 21) അവരുടെ ജീവിതാന്തസ്സിനു ചേരുന്നവിധം ഈ സത്യം അനുസരിച്ചു ജീവിക്കുവാൻ സന്യാസികളായ നിങ്ങൾ ജീവിതമാതൃകവഴി അവരെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കണം.

20. ദാരിദ്ര്യവും അദ്ധ്വാനജീവിതവും.

ആദായം മുൻനിറ്ത്തിയുള്ള വിപുലമായ ഉല്പാദനം, സമ്പാദനഫലമായി ലഭിക്കുന്ന ജീവിതസൗകര്യങ്ങൾ, മാനുഷിക പരിഗണനയില്ലാതെ ഉല്പാദനക്ഷമതയ്ക്കും വിപണനത്തിനും വേണ്ടി സ്വീകരിക്കുന്ന കർക്കശമായ നയങ്ങൾ—ഇവയെല്ലാം ഒരു ചങ്ങലയിലെ കണ്ണികൾ പോലെയാണെന്നു നിങ്ങൾക്കറിയാം. അതിന്റെ ഫലമായി സഹിക്കയും അദ്ധ്വാനിക്കയും ചെയ്യേണ്ടി വരുന്നവരുടെ ന്യായമായ പരാതികളെപ്പറ്റിയും നിങ്ങൾക്കു നിശ്ചയമുണ്ടു്. ഈ സാഹചര്യത്തിൽ നിങ്ങളുടെ ദാരിദ്ര്യാഭ്യസനത്തിനു് അവശ്യം അനുഷ്ഠിക്കേണ്ട ഒരു ധർമ്മമുണ്ടു്: ജോലിയുടെ മാനുഷികമൂല്യങ്ങൾക്കു് നിങ്ങൾ സജീവ സാക്ഷ്യം വഹിക്കണം; ജീവസന്ധാരണത്തിനും മനുഷ്യസേവനത്തിനുമുള്ള ഉപാധികളായി അതു് വീക്ഷിക്കപ്പെടാൻ ഇടയാകണം. അദ്ധ്വാനത്തിലുള്ള നിങ്ങളുടെ ശ്രദ്ധ മറ്റു മനുഷ്യർക്കു മാതൃകയായിരിക്കണം. സന്യാസികളായ നിങ്ങളും "അദ്ധ്വാനിച്ചു ജീവിക്കുക എന്ന പൊതുനിയമ"ത്തിനു് വിധേയരായിരിക്കണം (സന്യാസം: 13) എന്നു് കാലോചിതമായ നിഷ്കർഷവഴി കൗൺസിൽ ഉന്നിപ്പറഞ്ഞിട്ടുള്ളതു് ഇതുകൊണ്ടു തന്നെയല്ലേ? അദ്ധ്വാനിച്ചുകൊണ്ടു് നിങ്ങളുടെയും, നിങ്ങളുടെ സമൂഹത്തിന്റെയും ജീവിതച്ചെലവു് സാധിക്കണം; നിങ്ങളുടെ ജോലി സാധുജനസഹായത്തിനും ഉപകരിക്കണം. എന്നാൽ നിങ്ങളുടെ സഭകളുടെ പ്രത്യേക ലക്ഷ്യത്തിൽ നിന്നു് വഴുതിമാറാനോ സഭയുടെ പ്രത്യേക പ്രവർത്തനങ്ങൾ പതിവായി ഉപേക്ഷിക്കുവാനോ നിങ്ങളുടെ ഇത്തരം ജോലികൾ നിമിത്തം ഇടവരരുതു്. സന്യാസ ജീവിതത്തിനു് കോട്ടം വരുന്നതരത്തിൽ ലൗകായതികതലത്തിലേയ്ക്കു് ജോലികൾ നിങ്ങളെ ആനയിക്കാനും

ഇടയാവരുത്തു്. അതിനാൽ ഇക്കാര്യത്തിൽ നിങ്ങളെ സഹായിക്കുന്ന ചൈതന്യവിശേഷം ശ്രദ്ധാപൂർവ്വം നിങ്ങൾ പരിശോധനാവിഷയമാക്കണം. കേവലം ഭൗതികമായ ജോലികൾ ചെയ്തു കിട്ടുന്ന വേതനംകൊണ്ടുമാത്രമല്ലല്ലോ നിങ്ങളുടെ സന്ന്യാസ ജീവിതത്തെ വിലയിരുത്തുക!

21. സഹോദരഭാഗഭാഗിത്വം

സഹോദരങ്ങൾ പൊതുവസ്തുക്കളിൽ പങ്കെടുത്തു് ഒരുമിച്ചു ജീവിക്കുന്നതു് സുവിശേഷനിഷ്ഠമായ ഒരു മൂല്യമാണു്. അതിന്റെ ആവശ്യകത ഇന്നു വളരെ അനുഭവപ്പെടുകയും ചെയ്യുന്നു. 'ദിദാക്കേ' എന്ന പ്രാചീന ക്രൈസ്തവകൃതി ഇതേപ്പറ്റി ഇങ്ങനെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. "ആത്മീയനന്മയിൽ പങ്കു ചേരുന്ന നിങ്ങൾ ഇതേന്യായത്താൽതന്നെ നിങ്ങളുടെ ഭൗതികവസ്തുക്കളിലും പരസ്പരം പങ്കു ചേർന്നു പറ്റൂ" (IV: 8; നടപടി 4: 32). ജോലിയുടെ വേതനം ഉൾപ്പെടെയുള്ള എല്ലാ ആദായങ്ങളും വസ്തുക്കളും പൊതുവായി ഉപയോഗിച്ചുകൊണ്ടുള്ള ദാരിദ്ര്യാഭ്യസനം നിങ്ങളെ പരസ്പരം കൂട്ടിയിണക്കുന്ന ആത്മീയൈക്യത്തിന്റെ ഒരു സൂക്ഷ്മമായ തെളിവാണു്. ഈദൃശ ജീവിതരീതി ധനികർക്കു് നിങ്ങൾ പ്രത്യേകം നല്കുന്ന ഒരു ആദ്ധ്യാത്മിക സന്ദേശമായിരിക്കും. അങ്ങനെ പാവപ്പെട്ട സഹോദരങ്ങൾക്കു് സഹായം ലഭിക്കാനും അതുപകരിക്കണം. വ്യക്തിപരമായ ഉത്തരവാദിത്വം പ്രദർശിപ്പിക്കുന്നതിനുള്ള ആഗ്രഹം സ്വഭാവികവും ന്യായയുക്തവുമാണു്. എന്നാൽ കിട്ടുന്ന വേതനം സ്വന്തം കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതിലല്ല, പൊതുക്ഷേമത്തിനു ഉപകരിക്കത്തക്കവിധം മറ്റുള്ളവരേയും പങ്കു ചേർക്കുന്നതിലാണു് ഉത്തരവാദിത്വബോധം പ്രത്യക്ഷമാകേണ്ടതു്. ഓരോ സന്ന്യാസിയുടെയും സന്ന്യാസസമൂഹത്തി

ന്റെയും ദാരിദ്ര്യാദർശം രൂപമെടുത്തു് യഥാർത്ഥജീവിതത്തിൽ പ്രകാശിക്കേണ്ടതു് അതതുസഭകളുടെ സ്വഭാവത്തെയും നിയമങ്ങൾ അനുശാസിക്കുന്ന പ്രത്യേക നിഷ്ക്കർഷകളേയും ആശ്രയിച്ചിരിക്കും. അങ്ങനെ വിവിധ സഭകളുടെ പ്രത്യേകതകൾക്കനുഗുണമായി ദാരിദ്ര്യത്തിന്റെ വിവിധരൂപങ്ങൾ ജന്മമെടുക്കുകയും വളർന്നു വികസിക്കുകയും ചെയ്യുന്നു.

22. സുവിശേഷാനുസൃത ദാരിദ്ര്യം

പ്രിയ മക്കളെ, ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങൾ മിശിഹായോടുള്ള ഹൃദയംഗമമായ ഐക്യത്തിലൂടെ നിങ്ങൾക്കനുഭവിച്ചറിയുവാൻ കഴിയുമ്പോൾ മാത്രമാണു് അതു നിങ്ങളുടെ ദാരിദ്ര്യാഭ്യസനത്തിനു് കൂടുതൽ ആഴവും വ്യാപ്തിയും പ്രദാനം ചെയ്യുന്നതു് എന്ന വസ്തുത നിങ്ങൾ പ്രത്യേകം സ്മരിക്കണം. ചുറ്റും വസിക്കുന്ന സഹോദരങ്ങളുടെ സാമാന്യ ജീവിതരീതി കണക്കിലെടുത്തുകൊണ്ടു് നിങ്ങളുടെ ജീവിതനിലവാരം അവരുടേതിനോടു് പൊരുത്തപ്പെടേത്തേണ്ടിയിരിക്കുന്നു. ഇതേപ്പറ്റി സംശയിക്കാനില്ല; എന്നിരുന്നാലും നിങ്ങളുടെ ചുറ്റുപാടുകളോടുള്ള അനുരൂപണത്തിൽ മാത്രമാണു് ദാരിദ്ര്യം അടങ്ങിയിരിക്കുക എന്നു വരുന്നതു ശരിയല്ല. ദാരിദ്ര്യത്തിനു സാക്ഷ്യമൂല്യം കൈവരുന്നതു് അതു സുവിശേഷത്തിന്റെ മാനദണ്ഡം പുലർത്തുന്നതു വഴിയാണു്. നിങ്ങളുടെ ദൈവവിളിയോടുള്ള സമ്പൂർണ്ണമായ വിശ്വസ്തതയിൽനിന്നാണു് ഇതു് ഉയിരെടുക്കേണ്ടതു്. ദരിദ്രരായി കാണപ്പെടുന്നതിനുള്ള അനിയന്ത്രിതവും ഉപരിപ്ലവുമായ ഒരു വ്യഗ്രതയിൽനിന്നല്ല ഇതു് ഉത്ഭവിക്കേണ്ടതു്. സുഖാഡംബരപ്രിയത്തെയെന്നപോലെതന്നെ അയഥാർത്ഥമായ പ്രകടനത്തേയും ദാരിദ്ര്യം തീർത്തും ബഹിഷ്ക്കരിക്കണം.

സന്യാസവസ്ത്രം ഉപയോഗിക്കാതിരിക്കാൻ ചില സാഹചര്യങ്ങൾ ഉണ്ടാകാമെന്ന കാര്യം നാം അംഗീകരിക്കുന്നു. എങ്കിലും സന്യാസിനീസന്യാസിമാരുടെ പ്രത്യേകവസ്ത്രത്തിന്റെ ഔചിത്യത്തെപ്പറ്റി മൗനം ദീക്ഷിക്കുവാൻ നമുക്കു സാധിക്കുന്നില്ല. അതു് സന്യാസികളുടെ പ്രതിഷ്ഠയുടെ പ്രതീകമാണെന്നാണല്ലോ കൗൺസിൽ പഠിപ്പിക്കുന്നതു് (സന്യാസം: 17). അത്മായവേഷത്തിൽനിന്നു് അതു ഭിന്നമായിരിക്കേണ്ടതുമാണു്.

23. അനുസരണം വഴിയുള്ള ആത്മസമർപ്പണം

ദാരിദ്ര്യാഭ്യസനത്തിൽ പ്രകടമാകേണ്ട വിശ്വസ്തതതന്നെയാണു് നിങ്ങളുടെ അനുസരണത്തിലും പ്രത്യക്ഷപ്പെടേണ്ടതു്. വിശ്വാസത്തിന്റെ വെളിച്ചവും മിശിഹായുടെതന്നെ സ്നേഹചൈതന്യവും പുലർത്തിക്കൊണ്ടുവേണം ഇതു് അഭ്യസിക്കുവാൻ. ഈ വ്രതം വഴി വാസ്തവത്തിൽ നിങ്ങളുടെ മനസ്സിനെ സമ്പൂർണ്ണമായി ദൈവത്തിനു് സമർപ്പിക്കുകയാണു് ചെയ്യുന്നതു്. അങ്ങനെ മിശിഹായുടെ രക്ഷാപദ്ധതിയിൽ നിങ്ങൾ കൂടുതൽ ദൃഢതയോടും ലക്ഷ്യബോധത്തോടുംകൂടി പങ്കെടുക്കുന്നു. മിശിഹാ പിതാവിന്റെ ഹിതം അനുവർത്തിക്കുവാനാണു് ഇഹത്തിൽ ആഗതനായതു്. അവിടത്തെയാണു് നിങ്ങളനുകരിക്കേണ്ടതു്. "അവിടുന്നു സഹനം വഴി അനുസരിക്കുവാൻ പഠിച്ചു.....സഹോദരങ്ങൾക്കു് സേവനം അനുഷ്ഠിച്ചു". അവിടത്തോടു് ഇക്കാര്യത്തിൽ നിങ്ങൾ സംയോജിച്ചുകൊണ്ടു് തിരുസ്സഭയുടേയും നിങ്ങളുടെ സഹോദരങ്ങളുടേയും സേവനത്തിനു് നിങ്ങൾ കൂടുതൽ ഉറപ്പോടെ ആത്മസമർപ്പണം ചെയ്യണം (സന്യാസം: 14; യോഹ. 4: 34; 5: 30; 10: 15-18; ഹെബ്രാ. 5:8; 10: 7; സങ്കീ. 40: 8-9).

24. സുവിശേഷസാഹോദര്യവും പരിത്യാഗവും

സുവിശേഷത്തിൽ അധിഷ്ഠിതമായ സാഹോദര്യത്തിന്റെ പ്രാധാന്യം കൗൺസിൽ പ്രത്യേകം ഊന്നി പറഞ്ഞിട്ടുണ്ട്. തിരുസഭയെന്നാൽ ദൈവത്തിന്റെ ജനമെന്നാണർത്ഥം. ഒരേ സ്നേഹബന്ധത്തിൽ നിബദ്ധരായ മിശിഹായുടെ അവയവങ്ങൾക്കു് പരസ്പരം സേവനം അനുഷ്ഠിക്കുന്നു (തിരുസഭ: അദ്ധ്യാ. 1-3). തിരുസഭ മുഴുവനിലും എന്നതുപോലെതന്നെ സന്യാസസഭയിലും മിശിഹായുടെ ഒരേ പെസഹാരഹസ്യത്തെത്തന്നെയാണു് അനുജീവിക്കേണ്ടതു്. അനുസരണത്തിന്റെ ആഴമായ അർത്ഥം മിശിഹായുടെ മരണത്തിന്റേയും ഉയർപ്പിന്റേയും രഹസ്യത്തിൽ തെളിഞ്ഞു പ്രകാശിക്കുന്നു. ഈ ദിവ്യരഹസ്യത്തിലൂടെയാണു് ഏറ്റം പൂർണ്ണമായ രീതിയിൽ മനുഷ്യന്റെ പ്രകൃത്യാതീതലക്ഷ്യം സഫലമായിത്തീരുന്നതെന്നും നാം ഓർക്കണം. വാസ്തവം പറഞ്ഞാൽ ബലിയിലൂടെ, സഹനത്തിലൂടെ, മരണത്തിലൂടെ മാത്രമേ മനുഷ്യൻ യഥാർത്ഥ-ജീവൻ കണ്ടെത്തുകയുള്ളൂ.

സഹോദരങ്ങൾക്കുവേണ്ടി അധികാരം ഉപയോഗിക്കുക എന്നു വച്ചാൽ അവരുടെ ശുശ്രൂഷകരാകുക എന്നാണു് മനസ്സിലാക്കേണ്ടതു് (ലൂക്കാ. 22:26-27; യോഹ. 13:14). "അതു് എല്ലാവർക്കുംവേണ്ടി തന്റെ ജീവനെ ബലിയായി നൽകിയ" (മത്താ. 20:28; പീലി. 2: 8) ദിവ്യനാഥന്റെ മാതൃകയനുസരിച്ചായിരിക്കണം.

25. അധികാരവും അനുസരണവും

അധികാരവും അനുസരണവും മിശിഹായുടെ ആത്മാപ്പണത്തിൽ പങ്കുചേരുന്നതിനു സഹായിക്കുന്ന പരസ്പരപൂരക

ങ്ങളായ രണ്ടു ഘടകങ്ങളാണു്. അവ രണ്ടും ഉപയോഗിക്കേണ്ടതു് പൊതുനന്മയെ ലക്ഷ്യമാക്കിയുമായിരിക്കണം. അധികാരിയെ സംബന്ധിച്ചിടത്തോളം അധികാരം, ദൈവപിതാവിന്റെ സ്നേഹനിഷ്ഠമായ പദ്ധതി സഹോദരരിൽ നിറവേറുന്നതിനുള്ള സേവനമാണു്. കീഴുള്ളവരെ സംബന്ധിച്ചു പറഞ്ഞാൽ അധികാരികളുടെ നിർദ്ദേശം സഹീകരിച്ചുകൊണ്ടു് അവർ മിശിഹായുടെ മാതൃകയനുകരിക്കുകയും (ലൂക്കാ. 2:51) രക്ഷാകർമ്മത്തിൽ സഹകരിക്കുകയുമാണു് ചെയ്യുക. അതിനാൽ അധികാരവും വ്യക്തിസ്വാതന്ത്ര്യവും പരസ്പരവിരുദ്ധമായ ഘടകങ്ങളല്ല, പ്രത്യുത അവ രണ്ടും ദൈവഹിതനിർവ്വഹണത്തിനുവേണ്ടി തോളോടു തോളുരുമ്മി പ്രവർത്തിക്കേണ്ടതാണു്. സന്യാസജീവിതത്തിലെ വ്യക്തിപരമായ പ്രശ്നങ്ങളിൽ ദൈവഹിതം കണ്ടെത്തേണ്ടതു് സഹോദരബുദ്ധ്യാശ്രേഷ്ഠനും കീഴുള്ള സഹോദരനും തമ്മിൽ മനോവിശ്വാസം നിറഞ്ഞ ഡയലോഗു നടത്തിക്കൊണ്ടായിരിക്കണം. എന്നാൽ സമൂഹത്തെ മുഴുവൻ സ്പർശിക്കുന്ന കാര്യങ്ങളിൽ ഒരു പൊതുധാരണ വരുത്തിക്കൊണ്ടുമായിരിക്കണം ഇതു സാധിക്കുവാൻ. ഈ ശ്രമത്തിൽ അതിരുകടന്ന അസ്വസ്ഥതയും സന്യാസത്തിന്റെ ആഴമായ ഘടകങ്ങളെ കവച്ചുവെച്ചു് ഇന്നത്തെ അഭിപ്രായഗതികൾക്കു് മുൻതൂക്കം കൊടുക്കുന്നതിനുള്ള വ്യഗ്രതയും ഒരുപോലെ ഒഴിവാക്കാൻ സന്യാസികൾക്കു സാധിക്കണം. സമൂഹത്തെ എപ്പോഴും നയിക്കേണ്ടതു് വിശ്വാസം നൽകുന്ന ഉറപ്പാണു്. അതു് സമൂഹത്തിൽ എപ്പോഴും സജീവമായി പ്രകാശിക്കാൻ എല്ലാവരും ശ്രമിക്കണം. എന്നാൽ അധികാരികൾക്കും, സഹോദരങ്ങളുടെ ഉത്തരവാദിത്വം പേറുന്നവർക്കും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധയുണ്ടാകണം. ഇത്തരം ശ്രമങ്ങളുടെ ലക്ഷ്യം മുകളിൽ പറഞ്ഞ ഉറപ്പിനെ അരക്കിട്ടുറപ്പിക്കുകയാണു്. അനുദിനജീവിതത്തിലെ പ്രത്യേക സാഹചര്യങ്ങളിൽ അവയെ നടപ്പിൽ വരുത്തുന്നതും ഈ ല

ക്ഷ്യത്തിൽപ്പെട്ടന്ന. അവയെപ്പററി സംശയം ജനിപ്പിക്കുക ഒരിക്കലും ക്ഷന്തവ്യമായിരിക്കുകയില്ല. ഒരുമിച്ച് ദൈവേഷ്ടം കാണാനുള്ള പരിശ്രമം തക്കസമയത്ത് മേലധികാരികൾ തീരുമാനമെടുക്കുമ്പോൾ അവസാനിക്കണം. അധികാരികൾ ഉണ്ടായിരിക്കേണ്ടതും അവരോട് വിധേയത്വം പ്രദർശിപ്പിക്കുന്നതും ഏതു സമൂഹത്തിനും അത്യന്താപേക്ഷിതമാണല്ലോ.

26. അനുസരണചൈതന്യം പ്രവർത്തനത്തിൽ

ആധുനിക സാഹചര്യങ്ങളുടെ സ്വാധീനം നിങ്ങളുടെ അനുസരണജീവിതത്തിലും സ്വാഭാവികമായി പ്രതിഫലിക്കാതിരിക്കയില്ല. പ്രവർത്തനങ്ങളുടെ ഒരുഭാഗമെങ്കിലും നിങ്ങളിൽ പലരും നിർവ്വഹിക്കുന്നത് ആശ്രമത്തിനു പുറമെ വെച്ചാണ്. നിങ്ങളുടെ പ്രത്യേക പ്രാവീണ്യം ഇങ്ങനെ ചെയ്യാൻ പലപ്പോഴും ആവശ്യപ്പെടും. സ്വന്തമായ പ്രവർത്തനരീതിയും നയവും പുലർത്തുന്ന പ്രത്യേക സ്ഥാപനങ്ങളിലായിരിക്കും മറ്റുചിലർ പ്രവർത്തിക്കുക. ഇത്തരം സാഹചര്യങ്ങൾ നിങ്ങളുടെ അനുസരണബോധത്തെ ആഴമായി സ്ഥിരീകരിക്കാനും പുനഃപരിശോധിക്കാനുമുള്ള ഒരാഹ്വാനമായി അനുഭവപ്പെടേണ്ടതല്ലേ? എന്നാൽ ഈ സാഹചര്യങ്ങളിൽ നിന്ന് സ്ഥായിയായ സൽഫലങ്ങൾ ഉണ്ടാകണമെങ്കിൽ ഏതാനും വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതായി ഏറെറടുക്കുന്ന ജോലി സഭയുടെ പ്രവർത്തനത്തിൽപ്പെട്ടതായിരിക്കണം. ഈ രണ്ടു മണ്ഡലങ്ങളേയും പ്രത്യേകം വേർതിരിച്ചു കാണേണ്ടതുണ്ട്. കൂടാതെ ബാഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴും സന്ന്യാസസമൂഹജീവിതത്തിൽ പങ്കെടുക്കാനുള്ള സാദ്ധ്യതയും സൗകര്യവും ഉണ്ടാകണം. സന്ന്യാ

സത്തിന്റെ അവശ്യഘടകങ്ങൾ എമ്മാത്രം സ്വാധീനം ഈ ദ്യശ ജോലികളിൽ ഏർപ്പെടുന്നവരുടെ യഥാർത്ഥജീവിതത്തിൽ ചെലുത്തുന്നുവെന്നും തീർച്ചപ്പെടുത്തേണ്ടതാണല്ലോ. സന്യാസ സഹോദരങ്ങൾ അവരുടെ ആത്മീയജീവിതത്തിനാവശ്യമായ ഉപാധികൾ പാലിക്കുന്ന കാര്യത്തിൽ വേണ്ടത്ര നിഷ്കർഷ കാണിക്കുന്നുണ്ടോയെന്ന പരിശോധിക്കുക സഭാധികാരികളുടെ പ്രധാന കടമകളിൽ ഒന്നാണ്. എന്നാൽ മറ്റു സഹോദരങ്ങളുടെ മനോവിശ്വാസത്തോടുകൂടിയ സഹകരണമില്ലെങ്കിൽ അവർക്കെങ്ങനെ അവരുടെ ഈ കർത്തവ്യം നിർവ്വഹിക്കുവാൻ കഴിയും?

27. സ്വാതന്ത്ര്യവും അനുസരണവും

നിങ്ങൾ എത്രമാത്രം ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുമോ അത്രയ്ക്ക് നിങ്ങളുടെ ആത്മസമർപ്പണം അതിന്റെ അർത്ഥവ്യാപ്തിയുടെ നിറവിൽ നവീകരിക്കുവാൻ നിങ്ങൾക്കു സാധിക്കണം. കർത്താവ് തന്റെ അനുയായികളോട് "സ്വന്തം ജീവനെ നഷ്ടപ്പെടുത്തുവാൻ" (ലൂക്കാ. 9: 23-24) ആവശ്യപ്പെടുന്നുണ്ട്. അധികാരികളുടെ നിർദ്ദേശങ്ങൾ അനുസരിക്കുമ്പോഴാണ് ഇതു നിങ്ങൾ നിറവേറ്റുന്നത്. നിങ്ങളുടെ സന്യാസ പ്രതിജ്ഞയുടെ പ്രായോഗികസ്ഥിരീകരണം കൂടിയാണിത്. ഇതുവഴി നിങ്ങളുടെ മനസ്സിനെ ഒരു സമ്പൂർണ്ണ ആത്മബലിയായി ദൈവത്തിനു സമർപ്പിക്കുകയാണ്. (സന്യാസം: 14) ക്രിസ്തീയമായ അനുസരണം ദൈവത്തിന്റെ തിരുമനസ്സിനോടുള്ള നിരുപാധികമായ വിധേയത്വത്തിലാണ് അടങ്ങിയിരിക്കുക. എന്നാൽ സന്യാസാനുസരണം ഇതിനേക്കാൾ ഉയർന്നതാണ്. നിങ്ങൾ അതിനെ നിങ്ങളുടെ ഒരു പ്രത്യേക ആത്മദാനത്തിന്റെ വിഷയമാക്കിയിരിക്കുന്നു

വെന്നതാണു് ഇതിനു കാരണം. നിങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ മേഖലകൾ വ്യാപാർപ്പണംവഴി നിങ്ങൾ സ്വമേധയാ പരിമിതപ്പെടുത്തിയിരിക്കുന്നു. അതേസമയം ഈ സമർപ്പണം നിങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ നിറവിൽനിന്നു മുളയെടുത്ത ഒരു പ്രവൃത്തിയാകുന്നു. ഇതുതന്നെയാണു് നിങ്ങളുടെ സന്യാസവൃത്തിയുടെ ഉറവിടവും. ആ ആത്മാപ്പണത്തെ ഉപരി സജീവമാക്കുക നിങ്ങളുടെ പാവനമായ കർത്തവ്യമാണു്. നിങ്ങളുടെ സ്വന്തം ഉത്സാഹഫലമായി മുളയെടുക്കുന്ന പ്രവൃത്തനങ്ങളിൽനിന്നും അധികാരികളോടു് നിങ്ങൾ പ്രദർശിപ്പിക്കുന്ന ഹൃദയപൂർവ്വമായ വിധേയത്വത്തിൽ നിന്നുമാണു് ഈ സമർപ്പണം യഥാർത്ഥമായി പ്രകടമാകുന്നതു്. ഇതുകൊണ്ടാണു് സന്യാസവൃത്തിയുടെ പ്രയോജനങ്ങൾ ചർച്ചചെയ്യുമ്പോൾ "അനുസരണംവഴി ശക്തിയാർജ്ജിക്കുന്ന സ്വാതന്ത്ര്യത്തെ"പ്പറ്റി (തിരുസഭ: 43) കൗൺസിൽതന്നെ പരാമർശിക്കുന്നതു്. ഈദൃശമായ അനുസരണം "മനുഷ്യവ്യക്തിത്വത്തിന്റെ മാഹാത്മ്യത്തിനു് ഇടിവു് വരുത്തുന്നില്ല. എന്നുതന്നെയല്ല അതിനെ ദൈവമക്കളുടെ സ്വാതന്ത്ര്യമേഖലയിലൂടെ യഥാർത്ഥമായ പകൽവെളിച്ചത്തിക്കുകയും ചെയ്യുന്നു" (സന്യാസം: 14). ഇതും കൗൺസിലിന്റെ അദ്ധ്യാപനമത്രെ.

28. അനുസരണവും മന:സാക്ഷിയും

"ദൈവവും മനുഷ്യനും തമ്മിൽ കണ്ടുമുട്ടുന്ന വിശുദ്ധ മണ്ഡലമാണു് മന:സാക്ഷി. അവിടെ തന്റെ അസ്തിത്വത്തിന്റെ അഗാധതലങ്ങളിൽ ദൈവത്തിന്റെ സ്വരം അവനു കേൾക്കാൻ സാധിക്കും" (സഭ ലോകത്തിൽ: 16). സന്യാസിയുടെ മന:സാക്ഷിയും ശ്രേഷ്ഠന്റെ അധികാരവും തമ്മിൽ വിയോജനം ഉണ്ടാവുക സാദ്ധ്യമാണോ? സ്വന്തം നിലയിൽ

മാത്രം ചെയ്യുന്ന പ്രവൃത്തികളുടെ ധാർമ്മികമൂല്യം നിർണ്ണയിക്കുവാൻ മനഃസാക്ഷിക്കു് തനിയേ കഴിയുകയില്ല. വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളെ അതു കണക്കിലെടുത്തേ തീരൂ. ആവശ്യാനുസൃതം അതു് സ്വയം തെറ്റുകൾ ശരിപ്പെടുത്തി മുന്നോട്ടു പോകേണ്ടതാണു്. ദൈവത്തിന്റെ നിയമങ്ങൾക്കും സന്ന്യാസസഭയുടെ നിയമാവലിക്കും സൃഷ്ടമേ വിരുദ്ധമായി വന്നാൽ അധികാരിയുടെ കല്പന അനുസരിക്കേണ്ടതില്ല. ഗൗരവാവഹവും സംശയരഹിതവുമായ ഏതെങ്കിലും തിന്മയാണു് കല്പനയുടെ വിഷയമെങ്കിൽ അതും അനുസരിപ്പാൻ പാടുള്ളതല്ല. എന്നാൽ മറ്റു കാര്യങ്ങളിൽ ഉപരിനന്മയെ ലാക്കാക്കി അധികാരിയെടുക്കുന്ന തീരുമാനം അദ്ദേഹം സ്വീകരിക്കുന്ന നിലപാടനുസരിച്ചു് വ്യത്യസ്തമായിരിക്കാവുന്നതാണു്. അതിനാൽ വസ്തുനിഷ്ഠമായി അതു പൂർണ്ണമല്ലെന്നു തോന്നാവുന്ന ഒരു നിർദ്ദേശം അധികാരി നൽകുമ്പോൾ അതു് അസ്വീകാര്യവും മനഃസാക്ഷിക്കു നിരക്കാത്തതുമാണെന്ന നിഗമനമെടുത്താൽ അതു ശരിയായിരിക്കുകയില്ല. സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളുടെ അവ്യക്തമോ അനിശ്ചിതമോ ആയ നാനാവശങ്ങളെ യാഥാർത്ഥ്യബോധത്തോടെ പരിഗണിക്കാത്തതുകൊണ്ടാണിങ്ങനെ സംഭവിക്കുക. മാത്രമല്ല അനുസരിക്കുന്നതിനുള്ള വൈമുഖ്യം പലപ്പോഴും മറ്റുള്ളവരുടെ നന്മയെ സാരമായി ബാധിച്ചെന്നും വരാം. അതിനാൽ തന്റെയും അധികാരിയുടെയും മനഃസാക്ഷിയുടെ നിലപാടിൽ യഥാർത്ഥവൈരുദ്ധ്യമുണ്ടെന്നു് ഒരു സന്ന്യാസി പെട്ടെന്നങ്ങു് വിചാരിക്കരുതു്. ചുരുക്കമായി മാത്രം വരാവുന്ന ഈ സാഹചര്യം ചിലപ്പോൾ തീവ്രമായ മനോവേദനകൾക്കു് കാരണമായിത്തീരാം. സഹനത്തിലൂടെ അനുസരണം അഭ്യസിച്ച മിശിഹാതന്നെയാണു് ഈദൃശ സാഹചര്യത്തിൽ സന്ന്യാസിയുടെ കൺമുമ്പിലുണ്ടായിരിക്കേണ്ട ദിവ്യമാതൃക. (എബ്രാ. 5:8)

29. കുരിശ്—മഹത്തായ സ്നേഹത്തിന്റെ പ്രതീകം

ഇതുവരെ പ്രസ്താവിച്ചതിൽ നിന്നു് സന്യാസജീവിതം എത്രമാത്രം ത്യാഗമുൾക്കൊള്ളുന്നുണ്ടെന്നു് സ്പഷ്ടമാണല്ലോ. മിശിഹായ്ക്കു് തന്റെ കുരിശിനോടു തോന്നിയ തീവ്രമായ ആകർഷണത്തിന്റെ ഒരംശമെങ്കിലും സന്യാസികളായ നിങ്ങൾക്കു് അനുഭവവേദ്യമായിരുന്നെങ്കിൽ! അവിടത്തേയ്ക്കു് ഒരു മാമ്മോദീസാ സ്വീകരിക്കുവാനുണ്ടായിരുന്നു. അതു വഴി നിങ്ങളേയും കത്തിജ്വലിപ്പിക്കുവാൻ അവിടുന്നു് വെമ്പൽ കൊള്ളുകയായിരുന്നു (ലൂക്കാ. 12: 49-50). വി. പൗലോസു് പരാമർശിക്കുന്ന "ഭോഷത്വ"ത്തിലും നിങ്ങൾ പങ്കെടുത്തിരുന്നെങ്കിൽ! എന്തെന്നാൽ ഈ ഭോഷത്വത്തിനു മാത്രമേ നമ്മെ സാക്ഷാൽ ജ്ഞാനികളാക്കാൻ കഴിയൂ (1 കോറ. 3: 18-19). മിശിഹായ്ക്കെന്നപോലെ നിങ്ങൾക്കും കുരിശ് ഏറ്റവും തീവ്രമായ സ്നേഹത്തിന്റെ ഉരകല്ലായിരിക്കട്ടെ. സ്വയം പരിത്യാഗത്തിനും ആത്മസംതൃപ്തിക്കും തമ്മിൽ, ആത്മസംയമനത്തിനും ഹൃദയവിശാലതയ്ക്കും തമ്മിൽ, നിയതമായ ജീവിതത്തിനും ആത്മീയസ്വാതന്ത്ര്യത്തിനും തമ്മിൽ ഏറ്റവും യഥാർത്ഥവും അതേസമയം നിഗൂഢവുമായ ഒരു ബന്ധവിശേഷമുണ്ടു്, തീച്ച.

III സന്യാസത്തിന്റെ പ്രായോഗികമണ്ഡലങ്ങൾ.

30. സന്യാസികയ്ക്കു നൽകേണ്ട സാക്ഷ്യം.

മിശിഹായിൽ പ്രിയ മക്കളെ, ഈ ആദർശാനുസരണമുള്ള ജീവിതം നയിക്കുക ഇക്കാലത്തു് അത്ര എളുപ്പമുള്ളതല്ല. ഭിന്നമായ നിരവധി ആകർഷണങ്ങൾ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ടു്. കാര്യക്ഷമമായി കാ

രുങ്ങൾ നടത്തുമ്പോഴാണിതു് കൂടുതലായി അനുഭവപ്പെടുക. എന്നാൽ സമനില എപ്പോഴും പാലിച്ചുകൊണ്ടു് സന്തോഷാത്മകമായ ആത്മസംയമനത്തിന്റെ ഉത്തമോദാഹരണങ്ങളായി വർത്തിക്കേണ്ടതു് സന്യാസികളായ നിങ്ങളുടെ പ്രത്യേക കർത്തവ്യമാണു്. അതിനായി ജോലികളിലും സാമൂഹ്യബന്ധങ്ങളിലും നേരിടുന്ന വൈഷമ്യങ്ങളെ നിങ്ങൾ ധൈര്യപൂർവ്വം ആശ്ലേഷിക്കണം. ജീവിത ക്ലേശങ്ങളേയും അനിശ്ചിതാവസ്ഥയേയും ക്ഷമാപൂർവ്വം നിങ്ങൾ സ്വീകരിക്കണം. ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയ്ക്കു് അവശ്യാവശ്യമായ ത്യാഗങ്ങളായി ഇവയെ നിങ്ങൾ വീക്ഷിക്കണം. സന്യാസിനികൾ വാസ്തവത്തിൽ "ഇടുങ്ങിയവഴിയിലൂടെ വിശുദ്ധി ആർജ്ജിക്കുവാൻ" (തിരുസഭ: 13) ശ്രമിക്കുന്നവരല്ലയോ? വലുതോ ചെറുതോ ആയ ത്യാഗങ്ങളുടെ മദ്ധ്യേപോലും മിശിഹായുടെ കുരിശിനെ നോക്കികാണുവാൻ നിങ്ങളുടെ ആന്തരിക തീഷ്ണത നിങ്ങളെ പ്രാപ്തരാക്കട്ടെ. വിശ്വാസത്തോടും സ്നേഹവായ്പോടും കൂടി അവയെ ആശ്ലേഷിക്കുവാൻ അതു നിങ്ങളെ സഹായിക്കുമാറാകട്ടെ.

31. മിശിഹായുടെ കാല്പാടിൽ

ഈ വ്യവസ്ഥയിൽ മാത്രമേ ദൈവജനത്തിന്റെ പ്രതീക്ഷയ്ക്കൊത്തവിധം സാക്ഷ്യം വഹിക്കാൻ നിങ്ങൾക്കു് കഴിയുകയുള്ളൂ. ദാരിദ്ര്യത്തിന്റെ ത്യാഗമൂല്യങ്ങളെ ആശ്ലേഷിക്കാൻ കഴിവുള്ള സ്ത്രീപുരുഷന്മാരുടെ സാക്ഷ്യമാണിന്നാവശ്യം. കലപ്പില്ലാത്ത ആജ്ഞാവത്താലും അഗാധമായ വിനയത്താലും മനുഷ്യർ ആകൃഷ്ടരാകത്തക്ക സാക്ഷ്യമാണു് ഇന്നു വേണ്ടതു്. സമാധാനപ്രേമികളുടെ, തപോദീക്ഷ പുലർത്തുന്നവരുടെ, സമ്പൂർണ്ണപരിത്യാഗത്തിന്റെ മാഗ്ദത്തെ കെട്ടിപ്പുണ

രുന്നവരുടെ, സ്വാതന്ത്ര്യവും അനുസരണവും ഒരേസമയം മുറുകെപ്പിടിക്കുന്നവരുടെ, നൈസർഗ്ഗികതയും സ്വഭാവദാർഢ്യവും ഒരുമിച്ച് അഭ്യസിക്കുന്നവരുടെ, പ്രശാന്തതയും വിശ്വാസത്തിൽ അടിയുറച്ച മനഃസ്ഥൈര്യവും പ്രദർശിപ്പിക്കുന്നവരുടെ സാക്ഷ്യമാണ് എന്നത്തെയുംകാൾ ഇന്ന് ലോകത്തിനാവശ്യമായിരിക്കുന്നത്. ഈ മഹത്തായ അനുഗ്രഹം ഈശോമിശിഹായിൽനിന്ന് നിങ്ങൾക്കു പ്രാപിക്കാം, ഒരു വ്യവസ്ഥയിൽ. നിങ്ങൾ അപ്പിച്ച മൗലികമായ ആത്മദാനത്തിൽനിന്ന് അണുവിട പിന്മാറാതെ നിങ്ങളെത്തന്നെ സമ്പൂർണ്ണമായി നൽകുകയാണെങ്കിലേ ഇതു ലഭ്യമാകൂ. വിവിധ രാജ്യങ്ങളിൽ മിശിഹായ്ക്കുവേണ്ടി ഉദാരഹൃദയത്തോടെ സഹിച്ചുകൊണ്ടിരിക്കുന്ന നിരവധി സന്യാസികളുടെ ആധുനികചരിത്രമാണ് ഇതിന്റെ മകുടോദാഹരണം. അവരോടുള്ള വിസ്മയാദരങ്ങൾ പ്രദർശിപ്പിക്കുന്നതോടൊപ്പം അവരുടെ മാതൃക നിങ്ങളുടെ മുമ്പാകെ ഉയർത്തിപ്പിടിക്കുന്നതിനും ഈ അവസരം നാം ഉപയോഗിക്കുകയാണ്.

32. ആന്തരികമനുഷ്യനെ ബലപ്പെടുത്തുക

ഈ മാഗ്ഗത്തിലൂടെ ചരിക്കുന്നതിന് ഒരു വിശിഷ്ടമാഗ്ഗം നിങ്ങൾക്കു കൈമുതലായുണ്ട്. വിവിധ സഭകൾ തങ്ങളുടെ പ്രത്യേക ചൈതന്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് രൂപം കൊടുത്തിട്ടുള്ള അനുഭവസമ്പന്നമായ ജീവിതരീതികളാണവ. വ്യത്യസ്തമുഖങ്ങളുള്ള ഈ ജീവിതമുറകൾ വിശുദ്ധാത്മാക്കളുടെ അനുഭവസമ്പന്നതകൊണ്ട് ധന്യമായിത്തീർന്നിട്ടുള്ളവയാണ്. വൈവിധ്യം നിറഞ്ഞതെങ്കിലും ഈ സന്യാസരീതികൾ ആന്തരികമനുഷ്യന്റെ രൂപവത്ക്കരണത്തെയാണ് എപ്പോഴും ഉന്നം വയ്ക്കുന്നത്. ആഭ്യന്തരമ

നുഷ്യനെ ശക്തിപ്പെടുത്തുന്നതിൽ പ്രദർശിപ്പിക്കുന്ന ഈ സൂക്ഷ്മതയും നിഷ്ഠയുമാണു് ആകർഷകങ്ങളായ വിവിധ സാഹചര്യങ്ങളിൽ സന്യാസികൾക്കു് ഏറ്റവും അനുയോജ്യമായി പ്രവർത്തിക്കുവാൻ നിങ്ങളെ സഹായിക്കുന്നതു്. സൃഷ്ടിപരമായ നൈസർഗ്ഗികതയ്ക്കും എളുപ്പത്തിലുള്ള പരിവർത്തനങ്ങൾക്കും വേണ്ടി ആവേശപൂർവ്വം വാദിക്കുന്നവർ ഏതു ക്രമീകരണത്തിലും കാർക്കശ്യമാരോപിച്ചു് വളയമില്ലാതെ ചാടുവാൻ ഉത്സാഹിക്കുന്നവരാണു്. സാമൂഹ്യജീവിതവും വ്യക്തിപരമായ പരിപക്വതയും പുലർത്തുവാൻ അവശ്യാവശ്യമായ ഏറ്റവും ചുരുങ്ങിയ ക്രമീകൃതജീവിതത്തിനെതിരായിപ്പോലും ആരോപണത്തിന്റെ ചൂണ്ടുവിരൽ അവർ ഉയർത്തിയെന്നു വരും. സമസ്തസൃഷ്ടികളോടുള്ള ഉപവിയുടെ പേരിലോ, പരിശുദ്ധാത്മാവിന്റെ നിവേശനങ്ങളെന്നു് ഒരാൾ വിശ്വസിക്കുന്നവയുടെ പേരിലോ തലയുയർത്തുന്ന ക്രമം കടന്ന പ്രവണതകൾക്കും സന്യാസസമൂഹങ്ങളെ ചൈതന്യരഹിതമാക്കിക്കളയുവാൻ സാധിക്കുമെന്നു് നാം ഓർക്കണം.

33. അനുകൂലസാഹചര്യങ്ങളുടെ സ്വാധീനം

നമ്മുടെ ജീവിതത്തിൽ പരിതോവസ്ഥകൾക്കുള്ള പ്രാധാന്യത്തെപ്പറ്റി ശരിയായ പ്രതിപത്തി പുലർത്തേണ്ടതാവശ്യമാണെന്നു് അനുഭവത്തിൽ നിന്നു് മനസ്സിലാക്കാവുന്നതാണല്ലോ. സങ്കീർണ്ണവും ബഹുമുഖവുമായ മനുഷ്യവ്യക്തിത്വത്തെ ദൈവത്തിലേയ്ക്കും അവിടുത്തെ ആഹ്വാനത്തിലേയ്ക്കും സമ്പൂർണ്ണമായി തിരിച്ചുവിടുവാൻ അവ സഹായിക്കുന്നു. വ്യക്തിയിൽതന്നെ കാണപ്പെടുന്ന വിവിധ വാസനകളെ തമ്മിൽ സമന്വയിക്കുന്നതിനും ഈ സാഹചര്യങ്ങൾ ഉപകരിക്കുന്നു. അതേസമയം പലപ്പോഴും നിസ്സാരകാര്യങ്ങളോടു മുഴുവനായി ഒട്ടിച്ചേർന്നു് യാഥാർത്ഥ്യത്തിന്റെ ആഴ

മായ വശങ്ങൾ കാണാതെപോകുന്നതിനുള്ള ഒരു പ്രത്യേക ബലഹീനത മനുഷ്യഹൃദയത്തിനുണ്ട്. മാനുഷികമൂല്യങ്ങളെ അവനിൽനിന്നു് തന്നെ ദൂരെക്കളയാനും ദൈവത്തോടുള്ള ഐക്യത്തിനും തന്റെ ഹൃദയത്തിലുണ്ടാകേണ്ട ആത്മീയ ഐക്യത്തിനും ക്ഷതം വരുത്താനും ഇന്നത്തെ ലോകാന്തരീക്ഷം പര്യാപ്തമാണു്. ഇത്തരം ഒരു പശ്ചാത്തലത്തിലാണു് നിങ്ങളും ഭാഗികമായിട്ടെങ്കിലും ജീവിക്കാൻ നിർബന്ധിക്കപ്പെടുന്നതു്. ആകയാൽ വ്യഗ്രതയും ബഹളങ്ങളും ഉപരിപ്ലവങ്ങളോടുള്ള അമിതമായ പ്രതിപത്തിയും കൈമുതലായിട്ടുള്ള ഇന്നത്തെ ജീവിത സാഹചര്യങ്ങൾക്കിടയിലും ദൈവത്തെ കണ്ടെത്തുവാൻ നിങ്ങൾ പ്രത്യേകം യത്നിക്കണം; അതിൽ വിജയിക്കയും വേണം.

34. ദൈവത്തിൽനിന്നാർജ്ജിക്കേണ്ട ശക്തി വിശേഷം.

സഹോദരങ്ങൾ ഒന്നുചേർന്നു ജീവിക്കുന്നതിനു പറ്റിയ ക്രമീകൃതമായ ഒരു ജീവിതരീതിയും സമ്പ്രദായവും തെരഞ്ഞെടുത്താശ്ലേഷിക്കുന്ന നിഷ്കൃഷ്ടമായ ഒരു ജീവിതനിയമവും ദൈവത്തോടു് ഐക്യം പ്രാപിക്കാൻ വളരെ സഹായകമാണു്. വിശുദ്ധ ഗ്രന്ഥശൈലിയിൽ "സ്വഹൃദയാന്തരാളത്തിലേയ്ക്കിറങ്ങിത്തിരിക്കുവാൻ" (ഏശയ്യ. 46: 8) ആഗ്രഹിക്കുന്നവർക്കു് ഈ ക്രമീകൃതജീവിതം കൂട്ടുതൽ ആവശ്യമത്രെ. വികാരങ്ങൾ, ചിന്തകൾ, അഭിലാഷങ്ങൾ ഇവയ്ക്കതീതമായി അനന്തവും, കേവലവുമായ മനുഷ്യന്റെ സനാതനലക്ഷ്യം കൊണ്ടു സമ്പൂരിതമായ ഒരവസ്ഥാവിശേഷമാണു് ഇതിന്റെ ഫലമായി സംജാതമാകുന്നതു്. സജീവനായ ദൈവത്തെ ലക്ഷ്യമാക്കി സർവ്വാത്മനാ ജീവിക്കുവാൻ പരിശ്രമിക്കുന്നതുവഴി തങ്ങളുടെ ജീവിതത്തിൽ ഐക്യവും

ധന്യതയും, ആഴവും സ്ഥിരതയും കണ്ടെത്തിയിട്ടുള്ളവരേയാണ് ഇന്നാവശ്യം. കലങ്ങിമറിഞ്ഞ ഇന്നത്തെ സാഹചര്യങ്ങളിൽ സന്യാസികളാണ് പ്രത്യേകവിധം സാക്ഷ്യം വഹിക്കേണ്ടവർ. കഴിവുകളുടെ സമന്വയവും ചിന്തകളുടെ സംസ്കരണവും ഇന്ദ്രിയങ്ങളുടെ സംയമനവും പാലിച്ചുകൊണ്ടാണ് ഇങ്ങനെയായിത്തീരേണ്ടത്.

35. ലോകത്തിൽനിന്നുള്ള അകൽച്ച അവശ്യാവശ്യം.

നിങ്ങൾ എത്രമാത്രം ബാഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നുവോ അത്രയ്ക്ക് ഈ പ്രവർത്തനങ്ങളിൽ നിന്ന് പ്രാർത്ഥനാപരതയിലേയ്ക്കും ഏകാഗ്രതയിലേയ്ക്കും എളുപ്പത്തിൽ കടന്നുചെല്ലുവാൻ നിങ്ങൾക്കു സാധിക്കണം. ദൈവോന്മുഖമായ ജോലിയാണ് വാസ്തവത്തിൽ നിങ്ങൾ നിർവ്വഹിക്കുന്നതെങ്കിൽ സ്വമേധയാ ഏകാന്തതയെ പുൽകാൻ നിങ്ങൾക്കുതന്നെ തോന്നേണ്ടതാണ്. സഹോദരങ്ങളോടൊത്തു ചേർന്നുകൊണ്ട് ഏകാന്തനിമിഷങ്ങൾക്ക് നിറവും മിഴിവും കൊടുക്കാൻ നിങ്ങൾ ശ്രമിക്കണം. ആധുനിക ജീവിതത്തിന്റെ വ്യഗ്രതകളും ബഹളങ്ങളും മുൻനിർത്തി ചിന്തിക്കുമ്പോൾ നിർദ്ദിഷ്ട സമയങ്ങളിലെ പ്രാർത്ഥനകളെക്കുടാതെ കൂടുതൽ ദീർഘമായ സമയം പ്രാർത്ഥനയ്ക്കു ചെലവഴിക്കേണ്ടതു സമുചിതം മാത്രമാണ്. ഇങ്ങനെയുള്ള സമയം ദിവസത്തിന്റെ പല ഘട്ടങ്ങളിലായി പരന്നു കിടക്കണം. അതു നിങ്ങളുടെ പ്രത്യേക ജീവിതത്തിന്റെ സാഹചര്യങ്ങൾക്കും സാദ്ധ്യതകൾക്കും അനുസ്യൂതമായിരിക്കയും വേണം.

നിയമാവലിയനുസരിച്ച് നിങ്ങളുടെ ഭവനങ്ങൾ സന്ദർശകരെ ഉദാരമായി സ്വീകരിച്ചു വരുന്നുണ്ടാകും. എങ്ങ

നെ, എപ്പോൾ, എത്രമാത്രം ഇതു നിവ്വഹിക്കണമെന്നതി നെപ്പററി വ്യക്തമായ വ്യവസ്ഥകൾ ചെയ്യേണ്ടതാണു്. അതിന്റെ ഫലമായി നിങ്ങൾക്കു് അനാവശ്യമായ സമയന ഷ്ടം വരാതെ കഴിക്കാം. കൂടാതെ നിങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുന്നവക്കു് ദൈവത്തോടടുക്കുന്നതിനും അതു സഹാ യകമായിത്തീരുന്നു.

36. ആന്തരികജീവിത പരിചയം.

നിങ്ങളുടെ അനുദിനജീവിതത്തിന്റെ പ്രത്യേകത യായ സന്യാസാനുഷ്ഠാനങ്ങളുടെ ലക്ഷ്യം എന്തായിരിക്കണം? നിയമാവലി അനുശാസിക്കുന്ന കടമകളായിട്ടുമാത്രം അവ യെ വീക്ഷിച്ചാൽ മതിയാകയില്ല. പ്രത്യുത അവയെ പ്രഥ മമായി വിലമതിക്കേണ്ടതു് അവയിൽനിന്നുളവാകുന്ന ആ ദ്ധ്യാത്മിക പ്രയോജനം മുൻനിത്തിയായിരിക്കണം. ആദ്ധ്യാ ത്മിക ജീവിതത്തെ സമ്പുഷ്ടമാക്കുവാൻ പോരുന്നവയാണു് ഈ അനുഷ്ഠാനങ്ങൾ. ഇവിടെ മറെറാരു കാര്യംകൂടി ഓ ർക്കേണ്ടതുണ്ടു്. ബുദ്ധിപരമായ പ്രബോധനത്തെയും മന സ്സിന്റെ പരിശീലനത്തെയുംകാൾ ഉപരിയായി വ്യക്തിയെ സുവിശേഷസൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ സമ്പൂർണ്ണമാ യി ക്രൈസ്തവീകരിക്കാനുള്ള പ്രത്യേക ഉപാധിയായിവേണം സന്യാസാനുഷ്ഠാനങ്ങളെ വീക്ഷിക്കുവാൻ.

37. ജീവിതനിയമവും പ്രായോഗികജ്ഞാനവും.

സന്യാസസഭകളുടെ പൈതൃകത്തിന്റെ ഒരവശ്യഘ ടകമാണു് "പൂർണ്ണത പ്രാപിക്കാൻ സഹായിക്കുന്ന ആദ്ധ്യാ ത്മികജ്ഞാനം" എന്നതു് (തിരുസഭ: 43). സന്യാസജീവി തം പ്രദാനം ചെയ്യുന്ന മഹത്തായ ഒരു പ്രയോജനം കൂടിയാ

ണിതു്. ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുന്നതിലാണല്ലോ പൂണ്ണത അടങ്ങിയിരിക്കുക. അതിനാൽ ഓരോ സഭയുടെയും സ്വന്തമായ ആത്മീയവിജ്ഞാനം പ്രായോഗികമായി മനസ്സിലാക്കുവാനും ജീവിതത്തിൽ ശരിയായി പകർത്തുവാനും പരിശ്രമിക്കണം. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസ്യതം സന്യാസസഭ നടപ്പിലാക്കുന്ന ഏതാനും അനുഷ്ഠാനങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെട്ടാൽ മതിയാകയില്ലെന്നാണിതിന്റെ അർത്ഥം. ദൈവസ്നേഹവും സഹോദരസ്നേഹവും സമ്പൂർണ്ണമായി പ്രസരിക്കുന്ന ജീവിതം നയിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ സ്വന്തം സഭയുടെ പൈതൃകമായ അനുഭവജ്ഞാനത്തിൽ നിന്നും നേരിട്ടു പഠിക്കുവാൻ സന്യാസിനികൾ ശ്രമിക്കണം.

38. പുതിയമനുഷ്യന്റെ രൂപവൽക്കരണം.

ഇതിന്റെ ഫലമായി ഒരു സുപ്രധാന യാഥാർത്ഥ്യം സ്പഷ്ടമാകുന്നു. ഇതു വ്യക്തികളെയും സമൂഹങ്ങളെയും സ്പർശിക്കുന്ന ഒന്നാണു്. സന്യാസികൾ വെറും മനഃശാസ്ത്രപരമായ നിലയിൽനിന്നു് വി. പൗലോസിന്റെ ശൈലിയിലുള്ള സാക്ഷാത്തായ "ആദ്ധ്യാത്മിക" (1 കോറ. 2: 14-15) മണ്ഡലത്തിലേയ്ക്കുയരണം. ശ്ലീഹാ പരാമർശിക്കുന്ന "പുതിയ മനുഷ്യൻ" മിശിഹായുടെ സഭാശരീരത്തിന്റെ പൂണ്ണതയിൽ നിന്നാണു് ആദ്ധ്യാത്മികജീവൻ പകർന്നെടുക്കേണ്ടതു്. അതേസമയം ഓരോ ക്രിസ്ത്യാനിയും വ്യക്തിപരമായ നിലയിൽ വേണം ഈ നിറവിൽ പങ്കു ചേരുവാൻ. ഈ മനോഭാവം നിങ്ങളുടെ സന്യാസജീവനങ്ങളെ ദിവ്യജീവന്റെ ബീജം വളർത്തിയെടുക്കുന്ന പുഷ്ടതടമാക്കിപ്പകർത്തും. ഈ ദിവ്യബീജം മാമ്മോദീസാവഴി നിങ്ങളിൽ ആവാപം ചെയ്യപ്പെട്ടതാണു്.

മഹനീയമായ ഈ ക്രമാശയുടെ ആദർശമനുസരിച്ച് സന്യാസ ജീവിതം പുലർത്തുകയാണെങ്കിൽ ഈ ബീജം സമൃദ്ധമായ ഫലങ്ങൾ പുറപ്പെടുവിക്കുവാനിടയാകും.

39. നിഷ്കാപട്യവും സൗഹൃദവും സമൂഹത്തിൽ

ഏതൊരു ക്രൈസ്തവനെയുംപോലെ നിങ്ങൾക്കും മാനുഷികമായ ബലഹീനതകൾ ഉണ്ടായിരിക്കും. എങ്കിലും സന്യാസസമൂഹത്തിലെ ഓരോ വ്യക്തിയുടെയും ആദ്ധ്യാത്മികപുരോഗതിക്ക് സഹായകമായ പരിതോവസ്ഥകൾ സൃഷ്ടിക്കാൻ നിങ്ങൾ ദൃഢപ്രതിജ്ഞരാണെന്ന കാര്യം വിസ്മരിക്കരുതു്. ഓരോ സഹോദരസന്യാസിയോടുമുള്ള നിങ്ങളുടെ ബന്ധവിശേഷങ്ങൾ അതു് എത്ര സാമാന്യമായിരുന്നാൽപോലും നമ്മുടെ കർത്താവിൽ ഉപരിപൂർണ്ണവും ആഴമുള്ളതുമാക്കിത്തീർത്തെങ്കിലേ ഉദ്ദിഷ്ടഫലം യഥാർത്ഥത്തിൽ കൈവരികയുള്ളൂ. സഹായ സഹകരണങ്ങൾ നൽകിക്കൊണ്ടു് നമ്മുടെ സഹോദരങ്ങളെ പുരോഗമിപ്പിക്കുക, അതിനാവശ്യമായവ നിറഞ്ഞ പ്രതീക്ഷയോടും ഉദാരതയോടുംകൂടെ നിർവ്വഹിക്കുക– ഇതാണു് സാക്ഷാത്തായ സഹോദരസ്നേഹം. ആത്മാർത്ഥവും യഥാർത്ഥവുമാണെങ്കിൽ അതു സന്തോഷം മുറ്റിയ തുറന്ന മനസ്ഥിതിയിലൂടെയാണു് പ്രകടമാകേണ്ടതു്. ഇതുവഴി മാത്രമെ ആത്മാർത്ഥമായ പരസ്പരധാരണ കൈവരികയുള്ളൂ (ഗലാ. 6:2). സമൂഹജീവിതം തങ്ങളെ ശ്വാസം മുട്ടിക്കുന്നതായി സന്യാസികൾക്കു തോന്നാനിടയാകുന്നുണ്ടെങ്കിൽ അതിന്റെ കാരണം അത്തരം സമൂഹജീവിതത്തിൽ ഹാർദ്ദമായ സ്നേഹവും പരസ്പരധാരണയും മനോവിശ്വാസവും അവർക്കു് അനുഭവപ്പെട്ടിട്ടില്ലെന്നുള്ളതാണു്. ഓരോരുത്തരേയും വളരാനും വികസിക്കാനും സഹായിക്കുന്ന ഒന്നാണു് യഥാർത്ഥ സാഹോദര്യമെന്നും നാം ഓർക്കണം. മിശിഹായുടെ സേവ

നം മുൻനിർത്തി നയിക്കുന്ന സമൂഹജീവിതംവഴി അനുദിനപ്പ രോഗതി സാധിക്കുവാൻ സഹായിക്കുന്ന നിരവധി സുപ്രധാ നഘടകങ്ങൾ സന്ന്യാസത്തിലുണ്ട്. കൂട്ടംബചൈതന്യം, ആത്മാർത്ഥമായ സ്നേഹബന്ധം, പ്രേഷിതപ്രവൃത്തിയിലുള്ള സമ്പൂർണ്ണ സഹകരണം, പരസ്പരസഹായം എന്നതാണവ.

40. ചെറുസമൂഹങ്ങൾ

മുൻപറഞ്ഞ ലക്ഷ്യം സാധിക്കുവാൻ കൊച്ചുസമൂഹ ങ്ങൾ പര്യാപ്തമാണെന്ന ബോദ്ധ്യത്തോടെ അവയ്ക്കു രൂപം കൊടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കുറച്ച് അം ഗങ്ങൾ മാത്രമുള്ള സമൂഹങ്ങൾ വേണമെന്ന ഈ ആദർശത്തിനു പിറകിൽ പല പ്രേരകങ്ങളുമുണ്ടാകാം. വലിയ പട്ടണങ്ങ ളിലും മറ്റും അനുഭവപ്പെടുന്ന വ്യക്തിതാശൂന്യതക്കെതിരെ യുള്ള നൈസർഗ്ഗികപ്രതികരണം, അവിടെ അനുഭവപ്പെടുന്ന സ്ഥലദൗർലഭ്യം മുതലായ വീർപ്പു മുട്ടിക്കുന്ന അസൗകര്യങ്ങൾ, സേവനവിധേയരായ ആളുകളുടെ ജീവിത സാഹചര്യങ്ങ ളിൽ ഒന്നുചേരുന്നതിനുള്ള ആവശ്യകത എന്നിവ, ഇതിനുദാ ഹരണങ്ങളാണ്. അംഗങ്ങൾ തമ്മിൽ ഉറ്റസമ്പർക്കം പുല ർത്താനും സാഹോദര്യബോധത്തോടുകൂടി ഉത്തരവാദിതാ ങ്ങൾ ഒന്നിച്ചു വഹിക്കാനും ഇത്തരം ചെറുസമൂഹങ്ങൾക്കു കൂടുതൽ സാദ്ധ്യമാണ്. എന്നാൽ ഒരു ആദ്ധ്യാത്മിക അന്ത രീക്ഷം സൃഷ്ടിക്കാൻ അങ്ങനെയൊരു ചെറുസമൂഹത്തിനു ക ഴിഞ്ഞാലും അതിനെ വളർത്തിയെടുക്കാനും സംരക്ഷിച്ചുകൊ ണ്ടുപോകാനും അതു പര്യാപ്തമാകുമോ എന്നു സംശയിക്കണം. കൂടുതൽ എളുപ്പത്തിൽ പല കാര്യങ്ങളും ചെയ്യാൻ ചെറുസമൂ ങ്ങൾ സഹായിക്കുന്നതിനു പകരം അതിന്റെ അംഗങ്ങൾ ദുർവഹമായ ഭാരങ്ങൾ വഹിക്കുവാൻ നിർബ്ബന്ധിക്കപ്പെടുന്ന തായിട്ടാണ് അനുഭവം തെളിയിക്കുന്നതു്.

41. വലിയ സമൂഹങ്ങൾ

വലിയ സമൂഹങ്ങൾ പല സന്യാസികൾക്കും പ്രത്യേകം ഉപകാരപ്രദമായി അനുഭവപ്പെട്ടുവെന്ന വാസ്തവം നാം അനുസ്മരിക്കണം. ജീവകാരുണ്യപരമായ സംഘടിത സേവനങ്ങൾ, ബുദ്ധിപരമായ പ്രത്യേക കഴിവുകൾ ആവശ്യപ്പെടുന്ന പദ്ധതികൾ, ധ്യാനാത്മകമോ (contemplative) ആശ്രമനിഷ്ഠമോ (monastic) ആയ ജീവിതരീതി എന്നിവയ്ക്ക് വലിയ സമൂഹങ്ങൾ അനുകൂലമായ ഉത്തമസാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. പ്രസ്തുത സമൂഹങ്ങളിൽ മനഃസംയോജ്യതയും ഹൃദയൈക്യവും പ്രത്യേകം വളർത്തി വികസിക്കണം. ആത്മീയവും പ്രകൃത്യതീതവുമായ ലക്ഷ്യം പ്രാപിക്കുവാൻ ശ്രമിക്കുന്നതിനനുസൃതമായിരിക്കും ഈ ഐക്യം വർദ്ധിക്കുക.

സമൂഹം വലുതോ ചെറുതോ ആയിക്കൊള്ളട്ടെ, ചില പ്രത്യേക വ്യവസ്ഥകൾ പാലിച്ചെങ്കിലേ അവ സഭാംഗങ്ങൾക്ക് പ്രയോജകീഭവിക്കുകയുള്ളൂ. അവർ എപ്പോഴും സുവിശേഷചൈതന്യത്താൽ നയിക്കപ്പെടണം, പ്രാർത്ഥനവഴി നിരന്തരം പരിപോഷണം പ്രാപിക്കണം, പഴയമനുഷ്യനെ ഉദാരഹൃദയത്തോടെ സംയമനം ചെയ്യണം; പുതിയ മനുഷ്യനു രൂപം കൊടുക്കുന്ന ജീവിതക്രമത്തിനു് സൗമനസ്യത്തോടെ വിധേയരാകണം, കുരിശിലെ ബലിയുടെ ഫലദായകത്വത്തിൽ അവർ സജീവമായി പങ്കു ചേരണം. ഇവയുടെ അഭാവത്തിൽ സമൂഹത്തിന്റെ വലിപ്പച്ചെറുപ്പം നിഷ്പ്രഭമായിത്തീരുന്നു.

IV നവീകരണവും ആദ്ധ്യാത്മികാഭിവൃദ്ധിയും

42. പ്രാർത്ഥനയും ദൈവൈക്യവും

വത്സല സന്യാസികളെ, നിങ്ങൾ സ്നേഹിക്കുകയും മറ്റുള്ളവരെക്കൊണ്ടു് സ്നേഹിപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന മിശിഹായെ കൂടുതൽ അടുത്തറിയുന്ന കാര്യത്തിൽ നിങ്ങൾക്കൊട്ടും വീഴ്ച വന്നുകൂടാ. പ്രാർത്ഥന വഴിയാണു് അവിടുത്തോടു് നിങ്ങൾ സംയോജിക്കേണ്ടതു്. പ്രാർത്ഥനയിലുള്ള നിങ്ങളുടെ അഭിരുചിക്കു കോട്ടം തട്ടിയിട്ടുണ്ടെങ്കിൽ വിനയപൂർവ്വം അതിന്റെ അഭ്യസനത്തിലേയ്ക്കു് വീണ്ടും തിരിച്ചുവന്നുകൊണ്ടു് അതു നേടിയെടുക്കുക. പ്രാർത്ഥനയിലുള്ള വിശ്വസ്തത എക്കാലത്തും ഊർജ്ജസ്വലമായ സന്യാസജീവിതത്തിന്റെ ലക്ഷണമായിരുന്നു; നേരെമറിച്ചു് പ്രാർത്ഥനയിലുള്ള ഉപേക്ഷ സന്യാസചൈതന്യത്തിന്റെ അന്ത്യം കുറിക്കലുമായിരുന്നു. ചരിത്രം വിരൽ ചൂണ്ടുന്ന ഈ യാഥാർത്ഥ്യം നിങ്ങൾ ഒരിക്കലും വിസ്മരിക്കരുതെ.

43. പ്രാർത്ഥനാജീവിതത്തിന്റെ ആവശ്യകത

ദൈവൈക്യത്തിന്റെ അനുഭവജ്ഞാനം, ആരാധനയുടെ ആവശ്യകത, മാദ്ധ്യസ്ഥപ്രാർത്ഥനയുടെ പ്രയോജനം എന്നിവയെല്ലാം, ഒറ്റവാക്കിൽ ക്രിസ്തീയ വിശുദ്ധിയുടെ ചൈതന്യപ്രസരം പ്രാർത്ഥനയുടെ ഫലദായകത്വത്തിനു് നിതാന്ത സാക്ഷ്യം വഹിക്കുകയാണു്. പ്രാർത്ഥനയിൽ ദൈവം തന്റെ ദാസരുടെ അന്തരാത്മാവിൽ സ്വയം വെളിപ്പെടുത്തുന്നു. കർത്താവിനെ സംബന്ധിച്ചുള്ള ജ്ഞാനം അവിടുന്നു നൽകുന്നതു് ഉജ്ജ്വലത്തായ സ്നേഹത്തിലൂടെയാണു്. പരി. ആത്മാവിന്റെ ദാനങ്ങൾ മനുഷ്യഹൃദയങ്ങളിൽ വ്യവസ്ഥമായ രീ

തിയിലാണ് പ്രവർത്തിക്കുന്നതെങ്കിലും കർത്താവിനെ അടുത്തറിയുന്നതിലുള്ള താല്പര്യം എല്ലാവരിലും സദാ ഉണ്ടായിരിക്കണം. ഇതിന്റെ അഭാവത്തിൽ ക്രിസ്തീയജീവിതത്തിന്റെയും സന്യാസജീവിതത്തിന്റെയും മൂല്യങ്ങളെ ശരിയാംവിധം വിലമതിക്കുവാൻ നമുക്കു കഴിയാതെ പോകും. ഒരിക്കലും നമ്മെ ഭഗ്നാശരാക്കാത്ത പ്രതീക്ഷയോടും മനഃസംതൃപ്തിയോടുംകൂടി സന്യാസജീവിതത്തിൽ മുന്നേറുവാനുള്ള ശക്തി ആർജ്ജിക്കേണ്ടതും പ്രാർത്ഥനയിലൂടെ തന്നെയാണ്.

44. പ്രാർത്ഥനാചൈതന്യവും സഹോദരസ്നേഹവും

മനുഷ്യരുടെ ഹൃദയങ്ങളിൽ കർത്താവിന്റെ ഛായ ദർശിക്കുവാനുള്ള അനുഗ്രഹം പരിശുദ്ധാത്മാവാണ് നമുക്കു തരിക. അവരെ സഹോദരീസഹോദരന്മാരായി കരുതി സ്നേഹിക്കുവാനും അവിടുന്നുതന്നെ നമ്മെ പഠിപ്പിക്കുന്നു. കൂടാതെ ജീവിതത്തിലെ വിവിധ സാഹചര്യങ്ങളിലും തന്റെ സ്നേഹപരിപാലന ദർശിക്കുവാൻ പരിശുദ്ധാവുതന്നെ നമ്മെ സഹായിക്കുന്നുണ്ട്. മനുഷ്യരെയും ചുറ്റുപാടുകളെയും വിനയപൂർവ്വം നിരീക്ഷിക്കുന്നപക്ഷം, മിശിഹായുടെ അരൂപി തന്റെ ദിവ്യജ്ഞാനം നൽകി നമ്മെ സമൃദ്ധമായി അനുഗ്രഹിക്കാതിരിക്കുകയില്ല. പ്രാർത്ഥനയുടെ ചൈതന്യം നമ്മിൽ ചൂഴ്ന്നിറങ്ങിയെങ്കിലേ ഇതു സംഭവിക്കുകയുള്ളുവെന്നും നാം ഓർക്കണം.

45. ആന്തരികജീവിതത്തിന്റെ ആവശ്യകത

ഇന്നത്തെ ബഹളം നിറഞ്ഞ സമൂഹജീവിതവ്യവസ്ഥിതിയും വ്യക്തിപരമായ പരിചിന്തനത്തിന്റെ അഥവാ ധ്യാനാത്മകതയുടെപോലും ആവശ്യകതയും തമ്മിൽ ഒരു സമ

നില പുലർത്തേണ്ടതുണ്ട് (സഭ ലോകത്തിൽ: 8). ഇതിന്റെ അഭാവമാണ് ആധുനികജീവിതത്തിന്റെ പ്രധാന പോരായ്മകളിലൊന്ന്. യുവജനങ്ങൾ ഉൾപ്പടെ വളരെപേർക്ക് തങ്ങളുടെ ജീവിതത്തിന്റെ അർത്ഥമെന്തെന്നോ ലക്ഷ്യമെന്തെന്നോ വ്യക്തമായ അറിവില്ല. അതേസമയം തങ്ങളുടെ ജീവിതത്തിന്റെ ധ്യാനാത്മകവശം കണ്ടുപിടിക്കാനുള്ള തീവ്രമായ ആഗ്രഹം ഇവക്കെല്ലാവർക്കും ഏറെക്കുറെ അനുഭവപ്പെടുന്നുമുണ്ട്. എന്നാൽ തന്റെ സഭവഴി അവരുടെ ആത്മദാഹത്തെ ശമിപ്പിക്കുവാൻ മിശിഹായ്ക്കു മാത്രമേ കഴിയൂ എന്ന വസ്തുത അവർക്കജ്ഞാതമാണ്. മനുഷ്യഹൃദയങ്ങളെ സ്പർശിക്കുന്ന ഈദൃശ യാഥാർത്ഥ്യങ്ങൾ ഗൗരവപൂർവ്വം അപഗ്രഥനം ചെയ്യാൻ സന്യാസികളായ നിങ്ങൾക്കു കഴിയണം. എന്നിട്ട് പ്രതിഷ്ഠിതജീവിതം നയിക്കുന്ന നിങ്ങളിൽനിന്നും മനുഷ്യർ ന്യായപൂർവ്വം എന്തു പ്രതീക്ഷിക്കുന്നുവെന്നും നിങ്ങൾ ചിന്തിക്കണം. "എല്ലാ മനുഷ്യർക്കും വെളിച്ചം നൽകുന്ന സാക്ഷാൽ പ്രകാശമായ" (യോഹ. 1:9) മിശിഹായുടെ ശുശ്രൂഷയ്ക്കായി നിങ്ങൾ സ്വയം സമർപ്പിച്ചിരിക്കുന്നവരാണെന്നും ഓർക്കുക. അതിനാൽ നിങ്ങളുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്കുള്ള പ്രാധാന്യത്തെപ്പറ്റി പൂർണ്ണബോധമുള്ളവരായിരിക്കുവിൻ. പ്രാർത്ഥന അഭ്യസിക്കുന്നതിൽ നിർല്ലോഭം ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യുവിൻ. അനുദിനപ്രാർത്ഥനയിലുള്ള വിശ്വസ്തത നിങ്ങളോരോരുത്തരുടെയും മൗലികമായ ആവശ്യമായി എന്നും നിലകൊള്ളുന്നു. നിങ്ങളുടെ നിയമാവലിയിൽ അതിനു പ്രാധാന്യം കല്പിക്കണം, അതിലുപരി നിങ്ങളുടെ ജീവിതത്തിലും.

46. മൗനവും ഏകാന്തതയും

മൗനം പാലിക്കാനുള്ള അവസരങ്ങൾ ദൈവസ്നേഹം തങ്ങളിൽനിന്നാവശ്യപ്പെടുന്നുവെന്ന സത്യം ആന്തരികജീവി

തം നയിക്കാനാഗ്രഹിക്കുന്നവർ മനസ്സിലാക്കിയിരിക്കേണ്ട താണു്. "നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നു" (ഓസി. 2: 16) ദൈവത്തെ ശ്രവിക്കാനും മൗനമാവശ്യമത്രെ. എന്നാൽ ഒന്നോർക്കണം, ശബ്ദത്തിന്റെയോ വാക്കുകളുടെയോ വെറും അഭാവമല്ല മൗനം. അത്തരം മൗനത്തിനു് ആത്മാവിന്റെ സ്നേഹതീവ്രതയെ ഉദ്ദീപിപ്പിക്കാൻ കഴിയുകയില്ല. അതിനു പ്രത്യേകമൊരു ആത്മീയമൂല്യവുമില്ല. ഇത്തരം മൗനം ചിലപ്പോൾ സഹോദരസ്നേഹത്തിനു വിരുദ്ധമായിത്തീർന്നെന്നും വരാം. മറ്റുള്ളവരുമായി സമ്പർക്കം പുലർത്തുവാൻ ആവശ്യമായ സമയത്തു് മൗനം പാലിക്കുക സുകൃതം അല്ലല്ലോ. നേരെമറിച്ചു് ദൈവൈക്യത്തിനുവേണ്ടിയുള്ള തീരാത്ത ദാഹം ചൈതന്യപൂർണ്ണമായ മൗനം ആവശ്യപ്പെടുന്നു. അതു് വ്യക്തിതാത്പര്യത്തെ മുഴുവൻ ആശ്ലേഷിക്കുന്ന ഒന്നായിരിക്കണം. ഈദൃശ മൗനം ധ്യാനാത്മകജീവിതം നയിക്കുന്നവർക്കും, ബാഹ്യകാര്യവ്യഗ്രതയിൽ വ്യാപൃതരായിരിക്കുന്നവർക്കും ഒരുപോലെ ആവശ്യമത്രെ (ധ്യാനാത്മകസഭകൾക്കുള്ള നിർദ്ദേശം: 15-6-'69; സന്ദേശം: 10-10-'67). വിശ്വാസവും ശരണവും ദൈവസ്നേഹവും (ഇതു സഹോദരസ്നേഹവും അവശ്യം ഉൾക്കൊള്ളുന്നു) മൗനത്തിന്റെ വിശ്വസ്തമായ ആചരണം ആവശ്യപ്പെടുന്നുണ്ടു്.

47. ആരാധനക്രമജീവിതം സന്ന്യാസത്തിൽ

നിങ്ങളുടെ സംഘാതജീവിതത്തിൽ ലിറർജിക്കുള്ള പ്രാമുഖ്യത്തെപ്പറ്റി ഇവിടെ പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. ദിവ്യബലിയിൽ ആന്തരികപ്രാർത്ഥനയും ബാഹ്യാരാധനയും സമഞ്ജസമായി സംയോജിച്ചിരിക്കുന്നു (ലിറർജി. അദ്ധ്യാ: 1-5). ദിവ്യബലിയാണു് ലിറർജിയുടെ കേന്ദ്രബിന്ദു. നിങ്ങൾ വ്രതം ചെയ്ത സന്ദർഭത്തിൽ ദിവ്യബ

ലിയോട് സംയോജിപ്പിച്ചുകൊണ്ട് തിരുസഭ നിങ്ങളെ ദൈവത്തിനു പ്രതിഷ്ഠിച്ചു (പ്രതിഷ്ഠാനക്രമം). ഓരോ ദിവസവും നിങ്ങളുടെ ഈ ആത്മസമർപ്പണം യഥാർത്ഥമായിത്തീരണം. പ്രായോഗികജീവിതത്തിൽ നിരന്തരം അതു് അനുവർത്തിക്കപ്പെടുകയും വേണം. മിശിഹായുടെ തിരുശരീരരക്തങ്ങളോടുള്ള സംയോജ്യത ഈ നവീകരണത്തിന്റെ സുപ്രധാന ഉറവിടമാകണം (സന്യാസം: 15). യഥാർത്ഥസ്നേഹം പ്രകടിപ്പിക്കാനും നിങ്ങളുടെ ജീവൻപോലും ആവശ്യമെങ്കിൽ ബലി അർപ്പിക്കാനുമുള്ള അനുസ്യൂതമായ ആത്മശക്തിയും പരികർബ്ബാനയിൽനിന്നു് നിങ്ങൾ പ്രാപിക്കുമാറാകട്ടെ.

48. കുർബ്ബാന: സമൂഹത്തിന്റെയും ജീവിതത്തിന്റെയും ഹൃദയം

നിങ്ങളുടെ സമൂഹങ്ങൾ മിശിഹായുടെ നാമത്തിൽ ഐകൃം വരിച്ചിരിക്കുന്നു. "സ്നേഹത്തിന്റെ കൂദാശയും ഐകൃത്തിന്റെ പ്രതീകവും ഉപവിയുടെ ശൃംഖലയുമായ" (ലിറ്റർജി: 47) പരി. കുർബ്ബാനയാണു് സ്വാഭാവികമായും സന്യാസസമൂഹങ്ങളുടെ ജീവകേന്ദ്രം. അതിനാൽ നിങ്ങൾ ദേവാലയത്തിൽ ബലിപീഠത്തിനു ചുറ്റും ദൃശ്യമായി സംയോജിതരായിരിക്കുന്നതു് തികച്ചും സമുചിതമാണു്. അവിടെയുള്ള പരികർബ്ബാനയുടെ സാന്നിദ്ധ്യം ക്രിസ്തീയ സമൂഹത്തിന്റെയും വിശിഷ്യ സന്യാസസമൂഹത്തിന്റെയും സുപ്രധാന ജീവിതധർമ്മത്തെ പ്രദ്യോതിപ്പിക്കുകയും യഥാർത്ഥവൽക്കരിക്കുകയും ചെയ്യുന്നു. ദിവ്യബലി വഴി നാം കർത്താവിന്റെ മരണത്തെയും ഉയർപ്പിനെയും നിരന്തരം പ്രഖ്യാപിക്കുകയാണു്. മഹത്പൂർണ്ണമായ അവിടുത്തെ ആഗമനത്തിനുവേണ്ടി പരി. കുർബ്ബാന നമ്മെ സജ്ജീകരിക്കുകയും ചെയ്യുന്നു. മാത്രമല്ല അതു നമ്മുടെ കർത്താവു് സ്വതന്ത്രമായി ആശ്ലേഷിച്ച ശാരീരികവും മാ

നസികവുമായ വേദനയെ നമ്മെ അനുസ്മൃതം അനുസ്മരിപ്പിക്കയും ചെയ്യുന്നു. കർത്താവു ക്രൂശുമരണംവരെ സഹനത്തെ ആശ്ലേഷിക്കയുണ്ടായി. ഈ വസ്തുത നിങ്ങൾക്കു നേരിടുന്ന ക്ലേശങ്ങൾ കർത്താവിനോടു് ഒന്നുചേർന്നു് സഹിക്കുന്നതിനുള്ള സന്ദർഭങ്ങളായിത്തീരട്ടെ. നമ്മുടെ സഹോദരങ്ങൾ അനുഭവിക്കുന്ന നിരവധി വിഷമതകളും അനഹ്മായ സഹനങ്ങൾ പോലും നിങ്ങൾ ദൈവപിതാവിനു് കാഴ്ച വെയ്ക്കുവിൻ. മിശിഹായുടെ ബലിക്കു മാത്രമെ വിശ്വാസവെളിച്ചത്തിൽ നോക്കുമ്പോൾ ഇവയെ വിശുദ്ധീകരിക്കാൻ സാധിക്കൂ.

49. ലോകത്തിനു ചെയ്യേണ്ട ആത്മീയസേവനം

ഇങ്ങനെ നിങ്ങളുടെ പ്രാർത്ഥനാജീവിതത്തിന്റെയും അപ്പണജീവിതത്തിന്റെയും കേന്ദ്രത്തിൽത്തന്നെ ലോകത്തിനു സ്ഥാനം ലഭിക്കുന്നു. കൗൺസിൽ ഇതു് എങ്ങനെ വിശദീകരിക്കുന്നുവെന്നു് നോക്കുക. "വ്രതസമർപ്പണംമൂലം തങ്ങളുടെ സഹോദരങ്ങളിൽനിന്നു് അകന്നുപോയവരോ ഇഹലോകത്തെ സംബന്ധിച്ചിടത്തോളം ഉപകാരമില്ലാത്ത പൗരന്മാരോ ആയി സന്യാസികളെ ആരും കരുതരുതു്. ചിലസാഹചര്യങ്ങളിൽ സന്യാസികൾ നേരിട്ടു് മറ്റുള്ളവർക്കു് സേവനമനുഷ്ഠിക്കുന്നില്ലായിരിക്കും. എങ്കിലും ഏറ്റവും ആഴമായ രീതിയിൽ മിശിഹായുടെ ദിവ്യഹൃദയത്തിൽ സന്യാസികൾ അവരോടു യോജിച്ചിരിക്കുകയും ആത്മീയമായി അവരോടു ചേർന്നു് പ്രവർത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ ലോകത്തിന്റെ അഭിവൃദ്ധിക്കായുള്ള പരിശ്രമങ്ങളിൽ, കർത്താവിൽ അടിത്തറ പണിയുവാൻ ഇടയാകുന്നു. അപ്രകാരം ഈ ഭൗമിക നഗരം കർത്താവിൽമാത്രം സ്ഥാപിക്കപ്പെടാനും അതു് അവിടത്തെമാത്രം ലക്ഷ്യമാക്കാനും പ്രസ്തുത നഗരത്തിന്റെ നിർമ്മാണത്തിൽ മുഴുകിയിരിക്കുന്നവരുടെ കഠിനാദ്ധ്വാനം നിഷ്ഫല

മാകാതിരിക്കാനും ഈ മാഗ്ഗം സഹായകമാകുന്നു" (തിരുസ ഭ: 46).

50. സഭാധ്മത്തിൽ പങ്കു ചേരുക

കൗൺസിലിന്റെ ഉദ്ബോധനം അനുസരിച്ച് വി. ഗ്രന്ഥം, ലിറർജി, ദൈവശാസ്ത്രം, അജപാലകധ്മ്മം, എകൃമെനിസം, മിഷൻപ്രവത്തനം, സാമൂഹ്യസേവനം എന്നീ രംഗങ്ങളിലുള്ള തിരുസഭയുടെ സംരംഭങ്ങളിലും പദ്ധതികളിലും സഹകരിച്ചുകൊണ്ടാണ് സഭാധ്മത്തിൽ സന്യാസികൾ പങ്കു ചേരേണ്ടത് (സന്യാസികൾ: 2c). തിരുസഭ മുഴുവന്റെയും പരിശ്രമങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കുന്നതോടൊപ്പം പ്രേഷിതരംഗങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ സഭയുടെ പ്രത്യേക സ്വഭാവത്തെയും നിങ്ങൾ കണക്കിലെടുക്കണം.

മെത്രാന്മാരുടെ ഭരണാധികാരത്തിൽനിന്നുള്ള മോചനം (exemption) തിരുസഭയിൽനിന്ന് നിങ്ങളുടെ ചില സഭകൾക്ക ലഭിച്ചിട്ടുണ്ടല്ലോ. നിങ്ങളുടെ സഭയുടെ ആഭ്യന്തര ഘടനയെമാത്രം സ്പർശിക്കുന്ന ഒന്നാണിത്. "ശ്രുപതകളുടെ ഇടയന്മാരായ മെത്രാന്മാരുടെ ഭരണനിർവ്വഹണത്തിൽനിന്നോ ആത്മപാലനം സംബന്ധിച്ച അവരുടെ ക്രമീകരണങ്ങളിൽനിന്നോ" (മെത്രാന്മാർ: 35, 3) നിങ്ങൾക്ക് ഇതുമൂലം ഒഴിവുലഭിക്കുന്നില്ല. ഇക്കാര്യത്തിൽ മെത്രാന്മാരുടെ അധികാരത്തിനു നിങ്ങൾ കീഴ്പ്പെട്ടിരിക്കുന്നു. ഇതിലുമുപരി മറ്റുള്ളവരെക്കാൾ കൂടുതലായി സന്യാസികളായ നിങ്ങളാണ് മനുഷ്യരുടെ നന്മയ്ക്കായി രക്ഷകന്റെ പ്രവത്തനങ്ങൾ മെത്രാന്മാർവഴി തുടരുകയാണെന്നു തിരിഞ്ഞ അവബോധത്തോടുകൂടി ജീവിതം നയിക്കേണ്ടതു്. തിരുസഭ ഇതു ചെയ്യുന്നതു് തന്റെ

പിതാവിങ്കലേയ്ക്ക് എല്ലാവരെയും തിരികെ കൊണ്ടുവരുന്ന മിശിഹായുടെ പ്രവർത്തനങ്ങളിൽ ഹൃദയപൂർവ്വം പ്രവേശിച്ചു കൊണ്ടുമാണ്. ''സുവിശേഷവും നിങ്ങളുടേതാണ്. നിങ്ങൾ മിശിഹായുടേതും, മിശിഹായാകട്ടെ ദൈവത്തിന്റെ സ്വന്തവും'' (1 കോറി. 3: 22-23; സഭ ലോകത്തിൽ: 37). നിങ്ങളുടെ സന്യാസദൈവവിളി ഏറ്റവും സ്പഷ്ടവും കാര്യക്ഷമവുമായ രീതിയിൽ ദൈവരാജ്യത്തെ ലക്ഷ്യമാക്കി മുന്നേറുവാൻ നിങ്ങളെ പ്രാപ്തരാക്കുന്നു. സന്യാസജീവിതത്തിൽ ആദ്ധ്യാത്മിക സംഘർഷങ്ങൾ ഉണ്ടാകുക സഹജമാണ്. അവയിലൂടെ ''സുവിശേഷസൗഭാഗ്യങ്ങളുടെ ചൈതന്യം പുലർത്തികൊണ്ടു മാത്രമേ ലോകത്തെ രൂപാന്തരപ്പെടുത്താനും അതിനെ ദൈവത്തിനുവേണ്ടി നേടിക്കാനും സാധ്യമാകൂ.'' എന്ന സത്യത്തിനു് നിങ്ങൾ ഏറ്റവും മഹത്തായ സാക്ഷ്യം വഹിക്കുന്നു (തിരുസഭ: 31). പ്രസ്തുത സാക്ഷ്യം സന്യാസത്തിൽ അവശ്യം നേരിടുന്ന വിഷമതകളിലും പ്രത്യക്ഷപ്പെടണം.

ഉപസംഹാരം

51. സന്യാസജീവിതനവീകരണം

മിശിഹായിൽ പ്രിയ മക്കളെ, മനുഷ്യന്റെ ജീവിതത്തിൽ വിപുലമായ പരിവർത്തനങ്ങൾ അനുനിമിഷം സംഭവിച്ചുകൊണ്ടിരിക്കുകയാണിന്നു്. ഇവയോടു ബന്ധപ്പെട്ട രംഗങ്ങളിൽ സന്യാസത്തിന്റെ അന്തഃസത്തയെ സ്പർശിക്കാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ അനുരൂപണം വരുത്തിയേ തീരൂ. ''സന്യാസജീവിതത്തിന്റെ സ്ഥിരഭാവങ്ങൾ'' (തിരുസഭ: 43) എന്നു് സഭ വിശേഷിപ്പിക്കുന്ന

കാര്യങ്ങൾ ഭദ്രമായി പാലിച്ചുകൊണ്ട് ഇതു് എങ്ങനെ നടപ്പിലാക്കാം? അതിനൊരു മാർഗ്ഗമേയുള്ളൂ. നിങ്ങളുടെ സഭകളിലേയ്ക്കുള്ള ദൈവവിളിയുടെ സമഗ്രവും യഥാർത്ഥവുമായ നവീകരണം സാധിക്കുക എന്നുള്ളതാണതു്. ജീവിതത്തിന്റെ പരിതോവസ്ഥകളുമായി ഇണങ്ങിച്ചേരുമ്പോൾ സ്വന്തമായ വ്യക്തിത്വത്തെ കളഞ്ഞുകുളിച്ചുകൊണ്ടല്ല അങ്ങനെ ചെയ്യേണ്ടതു്. പ്രത്യുത സ്വമൂല്യങ്ങൾക്കു് ലോപം വരുത്താതെ സ്വന്തം ചൈതന്യവിശേഷത്തെ ഉറപ്പിക്കുകയാണാവശ്യം. ആധുനികപ്രവണതകളും ഇന്നത്തെ ലോകത്തിന്റെ ആവശ്യങ്ങളും നന്നായി മനസ്സിലാക്കിക്കൊണ്ടുവേണം നിങ്ങൾ നവോന്മേഷത്തോടും ഉണർവ്വോടുംകൂടെ പ്രവർത്തനരംഗങ്ങളിലേപ്പെടുവാൻ. ശ്രദ്ധയും അദ്ധ്വാനവും ആവശ്യപ്പെട്ട വിഷയമാണിതു്. അതിന്റെ ശ്രേഷ്ഠതയും അത്രതന്നെ ഉത്തുംഗമാണു്.

52. സുവിശേഷസാക്ഷ്യത്തിന്റെ ആവശ്യകത ഇന്നത്തെ ലോകത്തിൽ

തിരുസഭയെ ഏറ്റവും തീവ്രമായി സ്പർശിക്കുന്ന ഒരു ആധുനികപ്രശ്നമുണ്ടു്. എങ്ങനെയാണു് സുവിശേഷാദർശം ലോകത്തിൽ സന്നിവേശിപ്പിക്കേണ്ടതു? പുതിയൊരു സംസ്കാരം ഉരുത്തിരിയുന്നു, പുതിയൊരുതരം മനുഷ്യൻ ജന്മമെടുത്തിരിക്കുന്ന ഇക്കാലത്തു് ഈ ധർമ്മം എങ്ങനെ നിർവ്വഹിക്കും? ആത്മരക്ഷകൊണ്ടാവശ്യമില്ലായെന്നു മനുഷ്യൻ കരുതുന്ന സാഹചര്യത്തിൽ. ദൈവത്തിന്റെ രക്ഷാകർമ്മം നേരിട്ടനുഭവിച്ചറിയാൻ എല്ലാവരും ക്ഷണിക്കപ്പെട്ടവരാണു്. ഈ വസ്തുതയുടെ വെളിച്ചത്തിൽ ഇത്തരം പ്രശ്നങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉളവാക്കേണ്ട ഉത്തരവാദിത്വചിന്ത എത്രമാത്രമായിരിക്കണം? ഇതു നിങ്ങളുടെ പ്രേഷിതചൈതന്യത്തി

നൊരു വെല്ലുവിളിയല്ലേ? നിങ്ങളുടെ സഭകളിൽനിന്നു് ദൈവം പ്രതീക്ഷിക്കുന്ന രീതിയിൽ മനുഷ്യരുടെ ആവശ്യങ്ങളിലേയ്ക്കും പ്രശ്നങ്ങളിലേയ്ക്കും അവരുടെ അഭിനിവേശങ്ങളിലേയ്ക്കും സുവിശ്രുദ്ധയും നിങ്ങൾ തിരിച്ചു വിടണം. പ്രാർത്ഥനയും പ്രവർത്തനവും വഴി സ്നേഹത്തിന്റെയും നീതിയുടെയും ശാന്തിയുടെയും സുവിശേഷത്തിനു് അവരുടെ മദ്ധ്യേ ജീവിച്ചുകൊണ്ടുതന്നെ നിങ്ങൾ സജീവസാക്ഷ്യം വഹിക്കുവിൻ. വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും കൂട്ടുതൽ ആത്മാർത്ഥതയും സാഹോദര്യവും പുലർത്തുന്നതിനുള്ള അഭിലാഷം എവിടെയും കാണാം. ജീവിതരീതിയിലും ധാരണകളിലും ഹൃദയത്തിലുമാണു് മറ്റെല്ലാറ്റിനുമുപരിയായി ഇതിനാവശ്യമായ പരിവർത്തനമുളവാക്കേണ്ടതു്. ഈ ധർമ്മം ദൈവജനത്തിനു മുഴുവനും പൊതുവാണു്. എന്നാൽ സവിശേഷമായ ഒരു രീതിയിൽ ഇതു സന്യാസികളായ നിങ്ങളോടായിരിക്കണം. ദൈവത്തോടുകൂടിയുള്ള സഹവാസത്തിന്റെ വ്യക്തിപരമായ അനുഭവം ഇല്ലെങ്കിൽ എങ്ങനെ നിങ്ങൾക്കു് ഈ കർത്തവ്യം സമ്യക്കായി നിർവ്വഹിക്കാനൊക്കും? ഇതിൽനിന്നൊരു യാഥാർത്ഥ്യം കൂടുതൽ സുവ്യക്തമായിത്തീരുന്നു. ലോകത്തിന്റെയും തിരുസഭയുടെയും നവീകരണത്തിനു് സന്യാസജീവിതത്തിന്റെ യഥാർത്ഥ നവീകരണം അവശ്യാവശ്യമത്രെ.

58. ക്രിസ്തുസ്നേഹത്തിന്റെ സജീവസാക്ഷികൾ

എന്നത്തേയുംകാൾ ഉപരിയായി ഇന്നു് ഒരു കാര്യം ലോകം നിങ്ങളിൽനിന്നു് പ്രതീക്ഷിക്കുന്നുണ്ടു്. അവതരിച്ച ദൈവവചനത്തിലും അവിടുത്തെ ഉയർപ്പിലും സനാതനജീവിതത്തിലും വിശ്വസിക്കുന്ന സർവ്വമനുഷ്യരിലും വർഷിക്കപ്പെട്ടിരിക്കുന്ന ആ പരമസ്നേഹത്തിനു് സാക്ഷ്യം വഹിക്കുവാൻ ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ചിരിക്കുന്ന സാക്ഷാൽ മനുഷ്യ

വ്യക്തികളെയാണ് സന്യാസികളായ നിങ്ങളിൽ ദർശിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നതു്. സഭാചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും വിശുദ്ധജീവിതം നയിച്ചിരുന്ന നിരവധി സന്യാസാത്മാക്കൾ ജന്മമെടുത്തിട്ടുണ്ടു്. സന്യാസത്തിന്റെ വിവിധമണ്ഡലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടു് അവർ മതിവരാത്ത സ്നേഹത്തോടെ നമ്മുടെ കർത്താവിന്റെ സജീവസാക്ഷികളായി വിരാജിച്ചു. നിത്യതയുടെ സനാതന യാഥാർത്ഥ്യങ്ങളിൽനിന്നു് ചൂടും വെളിച്ചവും പകർന്നുകൊടുക്കുവാൻ ആധുനികമനുഷ്യനു് നിങ്ങളുടെ സന്യാസമാതൃക വഴി സാധിക്കണം. സനാതനമായ ഈ സൗഭാഗ്യത്തിന്റെ നാന്ദി കുറിക്കുന്ന സ്വാതന്ത്ര്യത്തിലേയ്ക്കു് അവനെ നിങ്ങൾ കൈപിടിച്ചു നടത്തേണ്ടതല്ലേ? അതിനുവേണ്ടി പ്രിയ മക്കളെ, ഈ ദിവ്യാനന്ദത്തിലേയ്ക്കുള്ളവഴി തെളിക്കുവിൻ; നിങ്ങളുടെ സന്യാസധർമ്മം ഏറ്റവും വലിയ ഉദാരതയോടെ നിർവ്വഹിക്കുവിൻ; വിശ്വാസത്തിന്റെ യാഥാർത്ഥ്യങ്ങൾ നവചൈതന്യത്തോടെ നിങ്ങൾ ജീവിതത്തിൽ പകർത്തുവിൻ; അതിന്റെ വെളിച്ചത്തിൽ ലോകത്തിന്റെ ആവശ്യങ്ങളെ തികച്ചും ക്രൈസ്തവമായ രീതിയിൽ വ്യാഖ്യാനിച്ചു കൊടുക്കുവിൻ. ഏറ്റവും വലിയ വിശ്വസ്തത പുലർത്തിക്കൊണ്ടു് സമഗ്രമായ ഒരു നവീകരണം വരുത്താനുള്ള നിമിഷം ഇതാണു്.

54. വിജ്ഞന്മാരല്ല വിനീതർ

"എന്റെ ചെറിയ ആട്ടിൻകുട്ടമെ" എന്നു് തന്റെ ശിഷ്യന്മാരെ അഭിസംബോധനചെയ്തപ്പോൾ നമ്മുടെ കർത്താവിനുണ്ടായിരുന്ന മൃദുലഭാവം നമ്മുടെ പ്രാർത്ഥനാപരമായ പരിചിന്തനത്തിനു് വിഷയീഭവിക്കയാണു്. പിതാവു തന്റെ രാജ്യം അവർക്കു് നല്കുവാൻ തിരുമനസ്സായ കാര്യം അവിടുന്നു് അവരെ അറിയിച്ചതും നാം സ്മരിക്കുന്നു (ലൂക്കാ. 12: 32). ഇ

തിന്റെ വെളിച്ചത്തിൽ നാമും നിങ്ങളോട് ചില അഭ്യർത്ഥനകൾ നടത്തുകയാണു്. "എളിയവർ" എന്നു സുവിശേഷം വിശേഷിപ്പിക്കുന്നവരുടെ നിഷ്കാപടൃം നിങ്ങളും പുലർത്തുവിൻ. മിശിഹായോട് ഗാഢതരമായ ഐക്യം പുലർത്തിക്കൊണ്ടും നിങ്ങളുടെ സഹോദരങ്ങളോട് ആത്മാർത്ഥമായ സമ്പർക്കം പാലിച്ചുകൊണ്ടും വേണം ഈ സുവിശേഷചൈതന്യം അതിന്റെ നിറവിൽ നിങ്ങൾ നേരിട്ടു കണ്ടെത്തുവാൻ. അപ്പോഴായിരിക്കും ദൈവരാജ്യത്തിന്റെ രഹസ്യം നേരിൽ മനസ്സിലാക്കിയിരിക്കുന്നവരുടെ ആനന്ദാതിരേകം പരി. ആത്മാവിന്റെ പ്രവർത്തനം വഴി നിങ്ങളും അനുഭവിച്ചറിയാൻ ഇടയാകുന്നതു്. "ബുദ്ധശാലികളുടെയും വിജ്ഞന്മാരുടെയും" എണ്ണം പല കാരണങ്ങൾകൊണ്ടും വർദ്ധിച്ചുവരികയാണെന്നു തോന്നുന്നു. ഈ ഗണത്തിൽ എണ്ണപ്പെടുവാൻ നിങ്ങൾ വ്യഗ്രത കാണിക്കരുതേ. അങ്ങനെയുള്ളവരുടെ ദൃഷ്ടിയിൽ നിന്നു് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ മറഞ്ഞുപ്പെട്ടിരിക്കയാണു് (ലൂക്കാ. 10: 21). നിങ്ങൾ സാക്ഷാൽ ഒരിടത്തും പ്രശാന്തരുമായിരിക്കുവിൻ; വിശുദ്ധിക്കുവേണ്ടി ദാഹിക്കുവിൻ; കരുണയുള്ളവരും ഹൃദയനൈർമ്മല്യമുള്ളവരുമായിരിക്കുവിൻ. ദൈവത്തിന്റെ സമാധാനം ഭൂമിയിൽ കൈവളർത്തുന്നവരും ആകുവിൻ (മത്താ. 5: 3-11).

55. സന്തോഷത്തിന്റെ സംവാഹകർ

എപ്പോഴും ദൈവത്തിന്റെ സ്വന്തമായിരിക്കുന്നതിൽ അനുഭവപ്പെടുന്ന ആനന്ദം പരി. ആത്മാവിന്റെ വിശിഷ്ടമായ ഒരു ദാനമാണു്. അതു നിങ്ങൾ പണ്ടേ അനുഭവിച്ചറിഞ്ഞിട്ടുണ്ടായിരിക്കും. വിഷമതകളുടെ നീർച്ചുഴിയിൽപോലും മിശിഹാ നിങ്ങൾക്കു നൽകുന്ന സന്തോഷത്തിൽ ആമഗ്നരായി, പ്രതീക്ഷാനിർഭരരായി ഭാവിയെ നേരിടുവാൻ നി

ങ്ങൾ പരിശ്രമിക്കുവിൻ. സന്യാസസമൂഹങ്ങളിൽനിന്നു് ഇതുപോലുള്ള സന്തോഷം പ്രസരിക്കുന്നതിനനുസരിച്ചു് നിങ്ങൾ ഒരു മഹാ യാഥാർത്ഥ്യത്തിനു് സാക്ഷ്യം വഹിക്കുന്നവരായിരിക്കും. നിങ്ങളുടെ ജീവിതത്തെ കഴിയുന്നത്രയും മിശിഹായിൽ വികസിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ നിങ്ങൾ സന്യാസവ്രതാനുഷ്ഠാനം ചെയ്തു. ത്രിവിധ പരിത്യാഗങ്ങൾ നിങ്ങളുടെ ജീവിതത്തെ ധന്യമാക്കുവാൻ നിങ്ങളെ വാസ്തവത്തിൽ സഹായിക്കുന്നുണ്ടു് എന്ന വസ്തുത ഈ സന്തോഷത്തിൽ നിന്നു് മറ്റുള്ളവർ ഗ്രഹിക്കാൻ ഇടവരണം. നിങ്ങളോടും നിങ്ങൾ നയിക്കുന്ന ജീവിതത്തോടുമുള്ള പരിചയം വഴി മിശിഹാ യുവജനങ്ങൾക്കു സദാ നൽകികൊണ്ടിരിക്കുന്ന ആഹ്വാനം ശരിയാംവിധം മനസ്സിലാക്കാൻ അവർക്കിടയാകണം (മത്താ. 19: 11-12; 1 കൊറി. 7: 34). കൗൺസിലും ഈ യാഥാർത്ഥ്യം പഠിപ്പിക്കുന്നുണ്ടു്. "നിങ്ങളുടെ സന്യാസസഭയ്ക്കുവേണ്ടി ചെയ്യാവുന്ന ഏറ്റവും ശക്തിമത്തായ പ്രേരകവും സന്യാസം ആശ്ലേഷിക്കാനുള്ള ഏറ്റവും ഉജ്ജ്വലത്തായ ക്ഷണവും സന്യാസികളായ നിങ്ങളുടെ ജീവിത മാതൃകതന്നെയാണു്" (സന്യാസം: 24).

മെത്രാന്മാരും, വൈദികരും, ക്രിസ്തീയവിദ്യാഭ്യാസപ്രവർത്തകരുമെല്ലാം നിങ്ങളോടു് പ്രദർശിപ്പിക്കുന്ന സ്നേഹാദരങ്ങളും നിങ്ങളുടെ മാധ്യത്തിലൂടെതന്നെ വ്യാപരിക്കുന്നതിനു് വളരെപേക്കു് ഉത്തേജനം നൽകും. അതെ, മിശിഹായുടെ അനുയായികൾക്കുതന്നെ അനുഗമിക്കുവാനുള്ള സ്വരം എപ്പോഴും കേൾക്കാൻ സാധിക്കും. തദനുസൃതം പ്രവർത്തിക്കാൻ മുൻപറഞ്ഞ പ്രോത്സാഹനം പ്രചോദനമരുളുകയും ചെയ്യും.

56. മറിയത്തിന്റെ മഹനീയ മാതൃക

പരി. കന്യകയുടെ ജീവിതമാതൃക അനുസരിച്ചാണ് നിങ്ങളുടെ ജീവിതം നിങ്ങൾ ദൈവത്തിനു് സമർപ്പിച്ചിരിക്കുന്നതു്. ഈശോയ്ക്കുമാത്രം നൽകുവാൻ സാദ്ധ്യമായ ആനന്ദവായ്പു് നിങ്ങളുടെ അനുദിനജീവിതത്തിൽ അനുഭവിക്കുന്നതിനുള്ള അനുഗ്രഹം നമ്മുടെ കർത്താവിന്റെ ഏറ്റവും പ്രിയപ്പെട്ട മാതാവുതന്നെ പ്രാപിച്ചുതരട്ടെ. "മനുഷ്യരുടെ ആത്മീയജനനത്തിൽ സഹകരിച്ചുകൊണ്ടു് തിരുസഭയുടെ ശ്ലൈഹികധർമ്മത്തിൽ പങ്കു ചേരുന്ന എല്ലാവരെയും മറിയത്തിന്റെ മാതൃസ്നേഹം ഉത്തേജിപ്പിക്കുന്നുണ്ടു്" (തിരുസഭ: 65). പരിശുദ്ധ മാതാവിനെ അനുകരിക്കുന്ന സന്യാസികളുടെ ജീവിതവും ഈ മാതൃസ്നേഹത്തിനു സാക്ഷ്യം വഹിക്കുമാറാകട്ടെ.

പ്രിയ മക്കളെ, കർത്താവിന്റെ ആനന്ദം നിങ്ങളുടെ സമർപ്പണജീവിതത്തെ രൂപാന്തരപ്പെടുത്തുകയും അവിടുത്തെ സ്നേഹം അതിനെ സമൃദ്ധമായി ഫലമണിയിക്കുകയും ചെയ്യട്ടെയെന്നു് നാം പ്രാർത്ഥിക്കുന്നു.

സ്നേഹാദരപൂർവ്വം അവിടുത്തെ നാമത്തിൽ നാം നിങ്ങളെ ആശീർവ്വദിക്കുകയും ചെയ്യുന്നു.

വത്തിക്കാനിൽനിന്നു്, നമ്മുടെ ഭരണത്തിന്റെ 9-ാം വർഷമായ 1971 ജൂൺ 29-ാംനു വി. പത്രോസിന്റെയും പൗലോസിന്റെയും തിരുനാളിൽ നൽകുന്നതു്.

6-ാം പോൾ മാർപ്പാപ്പാ